# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി4/2259/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 19/01/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി4/2259/2022 തീയ്യതി: 19/01/2023

## കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-07-2021 മുതൽ 10-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ കെപി രത്നസിംഗ് | ഡെപ്യൂട്ടി ഡയറക്ടർ | 11-11-2022 | 21-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-11-2022 | 21-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ കെ.എം.ബാലകൃഷ്ണൻ ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ),
ശ്രീ. ശ്രീജിത് കെ.വി,ഓഡിറ്റർ ,
ശ്രീ. വിജേഷ് കെ.കെ,ഓഡിറ്റർ,
ശ്രീമതി അപർണ ഡി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സതി കിഴക്കയിൽ | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ. റഫീഖ് സി.കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി മിനി എ.പി | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ വരുൺകുമാർ എ.വി | കൃഷി ഓഫീസർ | 01-04-2021 | 02-11-2021 |
| ശ്രീമതി വിദ്യാബാബു എം | കൃഷി ഓഫീസർ | 03-11-2021 | 31-03-2022 |
| ശ്രീ. അവിനാഷ് | വി.ഇ.ഒ | 01-04-2021 | 30-09-2021 |
| ശ്രീ. അബ്ദുൾ ലത്തീഫ് | വി.ഇ.ഒ | 01-10-2021 | 31-03-2022 |
| ശ്രീ. കപിൽദേവ് പി.സി | വി.ഇ.ഒ | 01-04-2021 | 30-09-2021 |
| ശ്രീ ഉനൈസ് അലി സി.പി | വി.ഇ.ഒ | 01-10-2021 | 31-03-2022 |
| ശ്രീമതി വിജില | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2021 | 26-11-2021 |
| ശ്രീമതി രമ്യ കെ.ആർ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 27-11-2021 | 31-03-2022 |
| ശ്രീ. ഫാസിൽ കെ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. സുനിൽകുമാർ | വെറ്ററിനറി സർജൻ,വെറ്ററിനറി ഡിസ്പൻസറി,ചേമഞ്ചേരി | 01-04-2021 | 31-03-2022 |
| ശ്രീ. ബാബു എം | ഫിഷറീസ് ഓഫീസർ | 01-04-2021 | 01-01-2022 |
| ശ്രീ. ജയപ്രകാശ് | ഫിഷറീസ് ഓഫീസർ | 02-01-2022 | 31-03-2022 |
| ശ്രീ ബാബു കെ.ടി.കെ | ഹെഡ്മാസ്റ്റർ | 01-04-2021 | 25-11-2021 |
| ശ്രീ. അരവിന്ദാക്ഷൻ | ഹെഡ്മാസ്റ്റർ | 26-11-2021 | 31-03-2022 |
| ശ്രീ. അക്ബർ ഷെരീഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് - അപാകതകൾ | 1-1 |
| 2 | വാർഷിക കണക്ക് | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | ഗ്രാന്റ് വിനിയോഗം | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 9 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യതിലെ അപാകതകൾ | 1-7 |
| 10 | തരം മാറ്റിയ ഭൂമിയിലെ അധിക നിർമ്മാണത്തിന് ഫീ ഈടാക്കിയതിൽ കുറവ് | 1-8 |
| 11 | വാസ്കോഡഗാമ റിസോർട്ട്-അനധികൃത നിർമ്മാണം- നടപടി സ്വീകരിച്ചതിലെ വീഴ്ച. | 1-9 |
| 12 | സ്ഥിര നിക്ഷേപ പലിശ വളരെ കുറച്ചത് പരിശോധിക്കാതെ അതേ ബാങ്കിൽ തന്നെ നിക്ഷേപിച്ചു | 1-10 |
| 13 | വലിയ തുക കറന്റ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു-പഞ്ചായത്തിന് പലിശയിനത്തിലെ വരവിൽ നഷ്ടം | 1-11 |
| 14 | ഓഫീസ് മോഡേണൈസേഷൻ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-12 |
| 15 | സ്ട്രീറ്റ് മെയിൻ- ലക്ഷ്യം പൂർത്തീകരിക്കുന്നില്ല. | 1-13 |
| 16 | ഭവന പദ്ധതി ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-14 |
| 17 | ബോട്ടിൽ ബൂത്ത്- പദ്ധതി നിർവ്വഹണത്തിലെ അപാകത | 1-15 |
| 18 | ഹരിത കർമ്മ സേന- മോണിറ്ററിംഗ് ഫലപ്രദമല്ല | 1-16 |
| 19 | ആയുർവ്വേദ ആശുപത്രി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയില്ല | 1-17 |
| 20 | പദ്ധതികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നു. | 1-18 |
| 21 | റോഡ് ടാറിംഗ് ഗുണമേന്മയുള്ള ഇനം തെരെഞ്ഞെടുത്തില്ല | 1-19 |
| 22 | മരണപ്പെട്ടവരുടെയും പുനർവിവാഹിതരുടേയും പെൻഷൻ സസ്പെന്റ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല: | 1-20 |
| 23 | ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ പദ്ധതി- ആസൂത്രണത്തിലെ പിഴവ്- അർഹതയുള്ള ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ ലഭ്യമാക്കിയില്ല. | 1-21 |
| 24 | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി. തിരുവങ്ങൂർ) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 1-22 |
| 25 | അഗതിരഹിതകേരളം പദ്ധതി ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് പദ്ധതി വെച്ചില്ല | 1-23 |
| 26 | ഫിഷറീസ് ഓഫീസർ പദ്ധതികൾ നടപ്പിലാക്കിയില്ല | 1-24 |
| 27 | കൃഷി ഓഫീസർ പദ്ധതികൾ നടപ്പിലാക്കിയതിലെ അപാകതകൾ | 1-25 |
| 28 | പ്രതിഭാ പോഷണ പരിപാടി - അപാകതകൾ | 1-26 |
| | ഭാഗം 2 | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | വാറന്റി നിലനിൽക്കുന്ന കമ്പ്യൂട്ടറുകൾക്കും എ.എം.സി നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ് - അപാകതകൾ

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 18-02-2021 ലെ 3(3)ാം നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 07-03-2022 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ഇത് കൂടാതെ 2022-23 ലെ ബജറ്റ് അംഗീകരിച്ചപ്പോഴും (26/03/22 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം) 2021-22 ലെ ബജറ്റിൽ മാറ്റം വരുത്തിയിട്ടുണ്ട്. ഇത് പ്രകാരം മുന്നിരിപ്പിൽ വ്യത്യാസമുണ്ടായിട്ടുണ്ട്. 07-03-2022 ലെ പുതുക്കിയ ബജറ്റിൽ മുന്നിരിപ്പ് 9725687/-രൂപയും 26/03/22 ലെ പുതുക്കിയ ബജറ്റിൽ മുന്നിരിപ്പ് 10278629/-രൂപയുമാണ്.

എ) തനത് വരുമാനം – എസ്റ്റിമേറ്റ് തുക കണക്കാക്കിയത് വസ്തുതാപരമായല്ല

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | പുതുക്കിയ ബജറ്റ് പ്രകാരം | വാർഷികകണക്കു പ്രകാരം വരവ് |
|---|---|---|---|
| 110 | 84,00,000 | 80,50,000 | 75,14,178 |
| 130 | 90,000 | 30,000 | 49480 |
| 140 | 891,000 | 791,000 | 958,036 |
| 150 | 114,000 | 127,000 | 86,289 |
| 170 | 532,748 | 00 | 551741 |
| 171 | 245,907 | 600,000 | 209,517 |
| ആകെ | | | |

മേൽ പട്ടികയിലെ പുതുക്കിയ ബജറ്റ് പ്രകാരം ഇൻകം ഫ്രം ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ തുക വകയിരുത്തിയിട്ടില്ല. പഞ്ചായത്തിന് 2021-2002 കാലയളവിൽ 70,54,151/-രൂപ ഫിക്സഡ് ഡെപ്പോസിറ്റ് ഉണ്ടായിട്ടും ബജറ്റ് പുതുക്കിയപ്പോൾ ഈ വസ്തുത പരിഗണിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിയേതര ചെലവുകളുടേത് ഒഴികെയുള്ള ബജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

ബി) ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ – ബജറ്റ് പുതുക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 295(5) പ്രകാരം ഒരു വർഷത്തിനിടക്ക് പഞ്ചായത്തിന്റെ വരവിനെയോ ചെലവിനെയോ സംബന്ധിച്ച് ബജറ്റിൽ കാണിച്ച എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമാണെന്ന് കാണുന്നുവെങ്കിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്.

എന്നാൽ സംസ്ഥാന സർക്കാരിന്റെ ഫെബ്രുവരിയിലെ സാമ്പത്തിക വർഷത്തെ ആദ്യ ബജറ്റ് അലോക്കേഷനിൽ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന് അലോട്ട് ചെയ്ത മെയിന്റനൻസ് ഫണ്ട് റോഡ് വിഹിതം 7606000/-രൂപയാണ്. എന്നാൽ 5/4/2021ലെ ജി.ഒ(ആർ.ടി) 3326/21/ധന നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്തിന് ലഭ്യമായത് ആദ്യ അലോക്കേഷനിലും 11,53,000/- രൂപ അധികരിച്ച് 8759000/-രൂപയാണ്. കൂടാതെ 12/8/2021ലെ ജി.ഒ(ആർ.ടി) 5450/21/ധന നമ്പർ ഉത്തരവ് പ്രകാരം വീണ്ടും 8759000/-രൂപ ലഭ്യമായിട്ടുണ്ട്. ഏപ്രിൽ മാസത്തിലും ഓഗസ്റ്റ് മാസത്തിലും ഇപ്രകാരം അധിക അലോട്ട്മെന്റ് ലഭ്യമായിട്ടും ബജറ്റ് റിവൈസ് ചെയ്യുകയോ പദ്ധതി ഇതിനനുസരിച്ച് റിവൈസ് ചെയ്ത് തുക ചെലവഴിക്കുകയോ ചെയ്തിട്ടില്ല. സ.ഉ(സാ.ധാ)നം/1345/22/ധന Dtd 26/02/22 നമ്പർ ഉത്തരവ്

പ്രകാരം ആദ്യ ബജറ്റ് അലോക്കേഷനിൽ അധികം അനുവദിച്ച 9912000/-രൂപ സർക്കാർ തിരിച്ചെടുത്തു. സമയബന്ധിതമായി പദ്ധതി റിവൈസ് ചെയ്ത് ബില്ല് മാറിയിരുന്നെങ്കിൽ ഈ തുക പഞ്ചായത്തിന് ചെലവഴിക്കാമായിരുന്നു. 26/02/22നമ്പർ ഉത്തരവ് പ്രകാരം അധിക തുക സർക്കാർ തിരിച്ചെടുത്തിട്ടുണ്ടെങ്കിലും ഈ പോയ തുക എ.സി.ആറിൽ നിന്നും കുറവ് വന്നിട്ടില്ല.

വരവ്/ചെലവ് വകയിരുത്തലുകളുടെ വ്യതിയാനം, വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ ക്രമീകരിച്ചിട്ടില്ല. ചില വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്കു പ്രകാരമുള്ളത് |
|---|---|---|---|
| 210 | 14464515 | 16951800 | 16360545 |
| 220 | 1714500 | 1491220 | 1227869 |
| 230 | 2580500 | 2400186 | 2712425 |

മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ബജറ്റ് രൂപീകരണവും പുതുക്കലും സംബന്ധിച്ച് വിശദമായി പരാമർശിച്ചിട്ടുണ്ട്. ഇതിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതും വിശദ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-2 വാർഷിക കണക്ക്

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 14.05.2022 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) B-4 പ്രകാരം ജോയിന്റ് വെഞ്ച്വർ പദ്ധതികൾക്കായി ചെലവഴിക്കാനായി 1214488/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ 786797/- രൂപ മാത്രമാണ് നീക്കിയിരിപ്പായുള്ളത്.

2) ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) വസ്തു നികുതി ഇ-പെയ്മെന്റ് സംവിധാനം ഉപയോഗിച്ച് നികുതി അടവാക്കുന്ന മുഴുവൻ നികുതികളും യഥാസമയം ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നില്ല.

5) ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക് ഷീറ്റ് വെച്ചിട്ടില്ല.

6) ടെണ്ടർ ഫോം ഇനത്തിൽ 2021-21 വർഷം 14100/-രൂപ വരവുണ്ട്. എന്നാൽ വരവ് കൃത്യത ഉറപ്പ് വരുത്തുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (ബി3)എന്നത് ഫിക്സഡ് അസറ്റിന്റെയും (ബി-11) ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്നതിന്റെയും ആകെ തുകയായിരിക്കണം. എന്നാൽ വാർഷിക കണക്ക് പരിശോധനയിൽ ഇവ തമ്മിൽ 55,881,476/-രൂപയുടെ വ്യത്യാസം കാണുന്നു.

8) ബി-14 പ്രകാരം ക്ലോസ്സിംഗ് സ്റ്റോക്ക് മൂല്യം 29722/-രൂപയാണ്. എന്നാൽ ഇതിന്റെ ആധികാരികത ഉറപ്പ് വരുത്തുന്ന രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ വാല്യൂ ബേസ്ഡ് ആക്കി സൂക്ഷിച്ചിട്ടില്ല.

9) 2021-22 വാർഷിക കണക്കിലെ RP-43 പ്രകാരം വസ്തുനികുതി റസിഡൻഷ്യൽ (അരിയർ) ഇനത്തിൽ 8881/-രൂപയും നോൺ റസിഡൻഷ്യൽ (അരിയർ) ഇനത്തിൽ 3667/-രൂപയും കലക്ഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2020-21 വാർഷിക കണക്ക് B-15 പ്രകാരം റസിഡൻഷ്യൽ (അരിയർ) ഇനത്തിൽ 2317/-രൂപ മാത്രമാണ് കുടിശ്ശികയായുള്ളത്, നോൺ റസിഡൻഷ്യൽ (അരിയർ) ഇനത്തിൽ കുടിശ്ശികയില്ല.

10) 2021-22 ലെ വസ്തുനികുതി ഡി.സി.ബി സ്റ്റേറ്റ്മെന്റും വാർഷിക കണക്കുമായി ചുവടെ പരാമർശിച്ച പ്രകാരം വ്യത്യാസം

കാണുന്നു.

| | വാർഷിക കണക്ക് പ്രകാരം | ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| റസിഡൻഷ്യൽ (കറന്റ്) | 2488847 | 2492021 |
| നോൺ റസിഡൻഷ്യൽ (കറന്റ്) | 2891197 | 2895793 |

11) ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഒന്നും സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

12) മൂന്ന് മാസത്തിലധികമായി തുക മാറാത്ത ചുവടെ കൊടുത്ത ചെക്കുകൾ സ്റ്റേൽ ചെക്ക് എന്ന ഹെഡിലേക്ക് മാറ്റിയിട്ടില്ല. B-9 ലെ സ്റ്റേൽ ചെക്ക് ഇനത്തിലെ തുകയ്ക്ക് പുറമെയുള്ള തുകയാണ് ഇവ.

| വൗച്ചർ നം | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നം | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|
| 22100056 | 17-04-21 | 92712 | 12-04-21 | 1000 |
| 22100057 | 17-04-21 | 92713 | 12-04-21 | 1000 |
| 22100060 | 17-04-21 | 92716 | 12-04-21 | 500 |
| 22100609 | 28-10-21 | 93117 | 23-10-21 | 780 |

13)ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

14) മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇതിനാൽ മിസല്ലേനിയസ് വരവ് കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

15) വാടകയിനത്തിൽ 2021-22ൽ 49,480/-രൂപ വരവുണ്ട്. എന്നാൽ ഇതിന് വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

16) വൗച്ചറുകൾ തെറ്റായ ഹെഡുകളിൽ ബുക്ക് ചെയ്യുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

A)3/4/21ലെ നം 21100010 നമ്പർ വൗച്ചർ പ്രകാരം 105000/-രൂപ ജനപ്രധിനിധികളുടെ ഓണറേറിയം എന്ന നിലയിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് ബുക്ക് ചെയ്തിട്ടുള്ളത് വേജസ്, ഡെയ്‌ലി വേജസ് എന്ന ശീർഷകത്തിലാണ്.

B) 16/12/21ലെ 22100832 നമ്പർ വൗച്ചർ പ്രകാരം ഓഫീസിന്റെ വാട്ടർ ചാർജസ് എന്ന ഇനത്തിൽ 19348/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ ചെലവ് ബുക്ക് ചെയ്തിട്ടുള്ളത് ഇലക്ട്രിസിറ്റി എന്ന ശീർഷകത്തിലാണ്.
അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15650152 |
| ഓഡിറ്റ് വർഷത്തെ വരവ് | 98164374 |
| ആകെ | 113814526 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 90616710 |
| നീക്കിയിരിപ്പ് | 23197816 |

1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 25261612 | 25261612 | 24586467 | 675145 |
| വികസനഫണ്ട് (എസ് സി പി) | 0 | 4831667 | 4831667 | 4831667 | 0 |
| വികസന ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി മുഖേന | 0 | 357836 | 357836 | 357836 | 0 |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി മുഖേന | 0 | 2813416 | 2813416 | 1707663 | 1105753 |
| വികസന ഫണ്ട്-സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | 0 | 4943000 | 5033472 (പലിശ-90472) | 4943000 | 90472 |
| വികസന ഫണ്ട് -സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)PFMS മുഖേന | 0 | 7414000 | 7414000 | 3776059 | 3637941 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 17518000 | 17518000 | 6700632 | 10817368 |
| മെയിന്റനൻസ്, നോൺ – റോഡ് | - | 6828693 | 6828693 | 5484581 | 1344112 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 40775000 | 40775000 | 40775000 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് (അഡ്മിനിസ്ട്രേറ്റീവ് ചെലവ്) | 41583 | 709353 | 750936 | 750936 | 00 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് | 1435812 | 1215294 | 2651106 | 1802339 | 848767 |
| ശുചിത്വ മിഷൻ ഫണ്ടുകൾ | 3918144 | 200000 | 4118144 | 225000 | 3893144 |

മെയിന്റനൻസ് ഫണ്ട് (റോഡ്) ഇനത്തിലെ സംസ്ഥാന ബജറ്റ് അലോക്കേഷൻ പ്രാകാരമുള്ള തുക 7606000/-രൂപയും ചെലവ് 6700632/- രൂപയുമാണ്. ഇത് വിശദമായി ഖണ്ഡിക 1-1 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-4-1 ഗ്രാന്റ് വിനിയോഗം

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്), മെയിന്റനൻസ് ഫണ്ട്(റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 21,33,09,223 | 28,786,341 |
| വികസനഫണ്ട് (എസ്.സി.പി) | 38572339 | 5184589 |
| മെയിന്റനൻസ് ഫണ്ട്(നോൺ-റോഡ്) | 9158850 | 6868693 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 8329139 | 7606000 |

സംസ്ഥാന സർക്കാരിന്റെ 2021-22 വർഷത്തെ ആദ്യ ബജറ്റ് അലോക്കേഷൻ പ്രകാരം മെയിന്റനൻസ് ഫണ്ട് (റോഡ്) ഇനത്തിൽ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന് അലോട്ട് ചെയ്ത തുക 7606000/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 2021-22 വർഷം ആകെ രണ്ട് അലോട്ട്മെന്റിലായി 17518000/- രൂപ ഗ്രാന്റ് ലഭ്യമായിട്ടുണ്ട്. ഇതിൽ ആദ്യ ബജറ്റ് അലോട്ട്മെന്റിലും അധികം ലഭ്യമായ തുകയ്ക്ക് പദ്ധതി റിവൈസ് ചെയ്ത് തുക ചെലവഴിക്കുകയോ ബജറ്റ് പുതുക്കുകയോ ചെയ്തിട്ടില്ല. ഇതിനാൽ തന്നെ ആദ്യ ബജറ്റ് അലോക്കേഷനിൽ അധികം ലഭ്യമായ തുക ചെലവഴിയ്ക്കാതെ നഷ്ടപ്പെടുകയാണുണ്ടായത്.

2)വികസനഫണ്ട്(ജനറൽ),വികസനഫണ്ട്(എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്), മെയിന്റനൻസ് ഫണ്ട് (റോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

തൻവർഷം 171 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 138 പ്രൊജക്ടുകൾ നടപ്പിലാക്കി. 33 പ്രൊജക്ടുകൾ

നടപ്പിലാക്കിയില്ല. വികസന ഫണ്ടിനത്തിൽ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 25261612 | 25261612 | 24586467 | 675145 | 97.32 |
| എസ്.സി.പി | 0 | 4831667 | 4831667 | 4831667 | 0 | 100 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി മുഖേന | 0 | 357836 | 357836 | 357836 | 0 | 100 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) ട്രഷറി മുഖേന | 0 | 2813416 | 2813416 | 1707663 | 1105753 | 60.7 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | 0 | 5033472 | 5033472 | 4943000 | 90472 | 98.2 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) PFMS മുഖേന | 0 | 7414000 | 7414000 | 3776059 | 3637941 | 50.93 |
| മെയിന്റനൻസ് ഗ്രാന്റ്(റോഡ്) | 0 | 7606000 | 7606000 | 6700632 | 905368 | 88 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 6828693 | 6828693 | 5484581 | 1344112 | 80.32 |

| | | | | | | |
|---|---|---|---|---|---|---|
| ആകെ | 0 | 60146696 | 60146696 | 52387905 | 7758791 | 87.1 |

വികസന ഫണ്ടിനത്തിൽ ലഭിച്ച തുകയിൽ 87.1 ശതമാനം തുകയാണ് ചെലവഴിച്ചത്. എസ്.സി.പി ഫണ്ട് മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി മുഖേന) എന്നീ ഇനങ്ങളിൽ ലഭിച്ച തുകയിൽ 4030378/- രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ മോണിറ്ററിംഗ് ചെയ്യുന്നതിലും നിർവ്വഹണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച 5 പദ്ധതികളിൽ 4 പദ്ധതികളും ഫിഷറീസ് ഓഫീസർ നടപ്പിലാക്കിയിട്ടില്ല. അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നടപ്പാക്കാത്ത പദ്ധതികളുടെ എണ്ണം |
|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 13 |
| സെക്രട്ടറി | 11 |
| ഫിഷറീസ് ഓഫീസർ | 04 |
| വി.ഇ.ഒ | 02 |
| അസിസ്റ്റന്റ് സെക്രട്ടറി | 02 |
| ഹെഡ്മാസ്റ്റർ | 01 |

അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്തതും ലഭിച്ച ഫണ്ട് മുഴുവൻ ചെലവാക്കാത്തതും കാരണം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനം യഥാസമയം ലഭിക്കാതിരിക്കുകയും ലഭിച്ച ഫണ്ട് നഷ്ടപ്പെടുന്നതിനും ഇടയാക്കി. അംഗീകാരം ലഭിച്ച മുഴുവൻ പദ്ധതികളും നടപ്പിലാക്കുന്നുവെന്നും ലഭിച്ച തുക മുഴുവൻ ചെലവാക്കുന്നുവെന്നും ഭാവിയിൽ ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

## 1-6 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. ജീവനക്കാരുടെ ജോലി വിഭജനം നടത്തി ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ച് ചേർക്കുന്നുണ്ട്. 2018-19 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾക്ക് നൽകിയ മറുപടി ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചിട്ടുണ്ട്. 2019-20, 2020-21 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് പ്രഥമ മറുപടി സമർപ്പിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് നല്ല രീതിയിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്ന പ്രൊജക്ടുകൾ രൂപപ്പെടുത്തി നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വിജയിച്ചിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് നൽകുന്നത് പെർമിറ്റ് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും പെർമിറ്റ് പ്രകാരമുള്ള കെട്ടിടങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നുണ്ടോ/ പുതുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് സംവിധാനമില്ല. പരിശോധനയ്ക്ക് സമർപ്പിച്ച ട്രേഡേഴ്സ് ലിസ്റ്റ് അപൂർണമാണ്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാന നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. കെട്ടിട നിർമ്മാണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിനെ ഏല്പിച്ചുകൊണ്ടുള്ള ഓഫീസ് ഉത്തരവ് കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്നും ഇപ്രകാരമുള്ള റിപ്പോർട്ടുകൾക്ക് സമയബന്ധിതമായി തുടർനടപടികൾ സ്വീകരി ക്കുന്നുണ്ടെന്നും സ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ള മേൽനോട്ട സംവിധാനങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും അപാകതകൾ തുടരുന്നതായി കാണുന്നു.

1-7 തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിലെ അപാകതകൾ

പഞ്ചായത്ത് പരിധിയിൽ വരുന്ന ചില സ്ഥാപനങ്ങളും അവിടെ ഉള്ള തൊഴിലാളികളും, പഞ്ചായത്ത് പരിധിയിൽ നിന്ന് വരുമാനമാർജ്ജിക്കുന്ന മറ്റു വ്യക്തികളും തൊഴിൽനികുതി പരിധിയിൽ നിന്നും ഒഴിവായി പോകുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

1) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷം ചേമഞ്ചേരി ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

1. ശ്രീ. ശരത് കുമാർ എൻ, നെരങ്ങാട്ട് ഹൗസ്, കാപ്പാട്
2. ശ്രീ.വിശ്വനാഥൻ കെ,കരുമ്പനക്കൽ, നൻമണ്ട
3. ശ്രീ.നൗഷാദ് കെകെ, കൊന്നക്കാട്ട് ഹൗസ്,ചക്കിട്ടപ്പാറ
4. ശ്രീ.ശങ്കരൻ, പ്രസിഡന്റ്,തൃക്കോട്ടൂർ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി.
5. ശ്രീ.മണി. ഇ, എരഞ്ഞിലോട്ട് ഹൗസ്,കൊളത്തൂർ
6. ശ്രീ.രാഹുൽ സി എം, നാഗപ്പള്ളി ഹൗസ്,അരിക്കുളം
7. ശ്രീ.അബ്ദുൾ നിസാർ എൻ എം ,ഫാത്തിമ ഹൗസ് , പറമ്പിൽ
8. ശ്രീ.ജസീൽ കെ, തൗഫീക്ക് ഹൗസ് , കണ്ണാടിക്കൽ
9. ശ്രീ.ഷാമജ്, തട്ടാരിയിൽ ഹൗസ്,അന്നശ്ശേരി
10. ശ്രീ.അനിൽ കുമാർ സി കെ,വേളൂർ , അത്തോളി
11. ശ്രീ.മനോജ് ടി കെ, ചെറുകുളത്തൂർ
12. ശ്രീ.ജിതിൻ ഗോപിനാഥ് , ഗോപി നിവാസ്, മെഡിക്കൽ കോളജ്

- ഹൈവേ വികസനത്തിന്റ ഭാഗമായി വാഗഡ് ഇൻഫ്രസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡിന്റെ പ്ലാന്റ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ പ്ലാന്റിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരിൽ നിന്നും തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

2) കെട്ടിട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ലൈസൻസ് അനുവദിക്കപ്പെട്ട കെട്ടിടങ്ങളുടെ ഉടമകളുടെ വിവരം ലഭ്യമായിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| കെട്ടിട ഉടമ | വാടകയ്ക്ക് നൽകിയ കെട്ടിട നമ്പർ |
|---|---|
| എ.പി മുഹമ്മദ് അലി | 6/43,44,45,47,49,50,51,52,53,54,55,56,57,58,59, 60,61,62,64,65,66,67,68. |
| കെ.ജി ശ്രീരേഖ | 6/71,72,73,74,74A, 75,78,79,80,81,83A |
| ബഷീർ ടി കെ | 6/84,85,86,88,89,90,91,92A,97A,97B,97C,97H,97J |
| ബാലകൃഷ്ണൻ പൊറോളി | 4/498,499,500,501 |
| നിജീഷ്എം. ഒ | 3/42,43,44,45 |

| | |
|---|---|
| ഷാജി പ്രണവം | 3/58A,B,C,D,E,F |
| വിശ്വൻ തട്ടാരക്കണ്ടി | 5/62,63,64 |
| ഫൈസൽ അൽമനാർ | 5/412,412A,B,C,D,E,F |
| കതീശുമ്മ | 6/21,22,28A,29,30,31,31A,33,34,36,37,38,39 |
| മനോഹരൻ കിഴക്കയിൽ | 7/192,193,194,195,196 |
| ശേഖരൻ നായർ | 7/471,472,473 |
| ശ്രീനിവാസൻ | 7/484,485,486,487,488,489,490,491 |
| മുഹമ്മദലി കിക്കണഞ്ചേരി , | 7/574,575,576,577,578,585,586,587,588,589,590,591 |
| സക്കീന | 7/490 A,B,C |
| മുഹമ്മദ് കോയ | 3/151,152,154 |
| ഷെരീഫ വൈദ്യരവിട | 6/176A,B,C |

പഞ്ചായത്ത് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളെയും, അവിടെയുള്ള ജീവനക്കാരേയും, മറ്റു വരുമാനമാർജ്ജിക്കുന്ന വ്യക്തികളെയും തൊഴിൽനികുതി പരിധിയിൽ കൊണ്ട് വരുന്നതിൽ സ്ഥാപനം പരാജയപ്പെട്ടതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിയ്ക്ക് (നം.4/2021-22 തിയ്യതി:17-11-22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും സ്ഥാപനത്തിൽ ആയത് പരിഹരിക്കപ്പെട്ടിട്ടില്ല.

## 1-8 തരം മാറ്റിയ ഭൂമിയിലെ അധിക നിർമ്മാണത്തിന് ഫീ ഈടാക്കിയതിൽ കുറവ്

സെക്രട്ടറി, ചേമഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പൂക്കാട് എന്നവരുടെ ഉടമസ്ഥതയിൽ 18/02/2022 തീയതിയിൽ 9376/21-ാം നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഇത് പ്രകാരം 929.14M2(10001.18ച.അടി) ഉള്ള വാണിജ്യ കെട്ടിട നിർമ്മാണത്തിനാണ് അനുമതി നൽകിയിരിക്കുന്നത്. ഫയൽ പരിശോധിച്ചതിൽ നിന്നും പെർമിറ്റ് പ്രകാരമുള്ള കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം വടകര ആർ.ഡി.ഒ യുടെ 16.09.2020 ലെ ജി1-3944/20 നമ്പർ ഉത്തരവ് പ്രകാരം സ്വഭാവ വ്യതിയാനം നൽകി ഉത്തരവായ ഭൂമിയാണ്. ഉത്തരവ് പ്രകാരം 3000 ച.അടിയ്ക്ക് മുകളിലുള്ള ഓരോ ച.അടി നിർമ്മാണത്തിനും 100 രൂപ നിരക്കിലുള്ള ഫീസ് അപേക്ഷകൻ ഒടുക്കേണ്ടതാണ്. അതായത് പെർമിറ്റ് പ്രകാരം 10001.18 ച.അടിയുള്ള കെട്ടിടത്തിന് 3000 ച.അടിയിൽ അധികരിക്കുന്ന 7001.18 ച.അടി നിർമ്മാണത്തിന് 100 രൂപ നിരക്കിൽ 700118/-രൂപ ഫീ അടയ്ക്കേണ്ടതാണ്. എന്നാൽ വടകര ആർ.ഡി.ഒ യുടെ 16.09.2020ലെ ജി1-3944/20 നമ്പർ ഉത്തരവ് പ്രകാരവും ജ1-6127/20 ഉത്തരവ് പ്രകാരവും ആകെ 687574/-രൂപയാണ് ഫീയാണ് ആകെ

അടവാക്കിയിരിക്കുന്നത്. അതായത് 12544/-രൂപ അധിക നിർമ്മാണത്തിന് ഫീ അടവാക്കിയതിൽ കുറവ് ഉണ്ടായിട്ടുണ്ട്. ഇത് പരിശോധിക്കാതെയാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിരിക്കുന്നത്. കുറവ് വന്ന തുക അടവാക്കുന്നതിനായി കെട്ടിട ഉടമസ്ഥ് നോട്ടീസ് നൽകേണ്ടതും തുക ട്രഷറിയിൽ അടവാക്കിയതിന്റെ രേഖ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-9 വാസ്കോഡഗാമ റിസോർട്ട്-അനധികൃത നിർമ്മാണം- നടപടി സ്വീകരിച്ചതിലെ വീഴ്ച.

ഫയൽ നം എ2-8244/21 പ്രകാരം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 'വാസ്കോഡഗാമ റിസോർട്ടിന് ' 4 സ്റ്റാർ ഫെസിലിറ്റി ലഭ്യമാവുന്നതിനുള്ള അപേക്ഷ ലഭിച്ചതിനെ തുടർന്ന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 15-07-21 ലെ 1077/A2/2021/KCZMA നമ്പർ കത്ത് മുഖേന പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണം, നിർമ്മിത വർഷം എന്നിവ അറിയിക്കുന്നതിന് പഞ്ചായത്തിന് കത്ത് അയച്ചു. ആയതിന് സെക്രട്ടറി നൽകിയ 9/8/21 ലെ മറുപടിയിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം 2240M2 ആണെന്ന് അറിയിച്ചിട്ടുണ്ട്. 18-9-2021 ലെ സെക്രട്ടറിയുടെ മറുപടിയിൽ മേൽ അളവ് അധികരിക്കുന്ന രീതിയിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 7-5-22 ലെ 1077/A2 /2021/KCZMA നമ്പർ കത്തിൽ 22-4-22 തീയതിയിൽ കോഴിക്കോട് ടൗൺ പ്ലാനർ പരിശോധന നടത്തിയത് പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 3011.31 M2 ആണെന്ന് കണ്ടെത്തിയതായി അറിയിച്ചിട്ടുണ്ട്. അതായത് ടൗൺ പ്ലാനർ പരിശോധിച്ച് ലഭ്യമായ വിസ്തീർണ്ണത്തിലും 771.31M2 കുറവായാണ് പഞ്ചായത്ത് പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി നൽകിയത്. കെട്ടിടത്തിന്റെ വിസ്തീർണ്ണം തെറ്റായി റിപ്പോർട്ട് ചെയ്യാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതും അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-10 സ്ഥിര നിക്ഷേപ പലിശ വളരെ കുറച്ചത് പരിശോധിക്കാതെ അതേ ബാങ്കിൽ തന്നെ നിക്ഷേപിച്ചു

പഞ്ചായത്തിലെ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം 2021-22 വർഷം രണ്ട് ബാങ്കുകളിലായി 76,40,346/-രൂപ സ്ഥിര നിക്ഷേപം നടത്തിയിട്ടുണ്ട്. കെ.ഡി.സി ബാങ്ക്, ചേമഞ്ചേരിയിൽ 24,55,347/-രൂപയും ചേമഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 51,84,999/-രൂപയും. ഈ സ്ഥിര നിക്ഷേപങ്ങൾക്ക് 2021-22 വർഷം 551,741/- രൂപ പലിശ ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച പലിശ ഉൾപ്പെടെയുള്ള 81,92,087/-രൂപ തുടർന്നും ഇതേ ബാങ്കുകളിൽ തന്നെ 2022-23 വർഷത്തേക്ക് നിക്ഷേപിച്ചിട്ടുണ്ട്.

വിവിധ തുകകളുടെ അഞ്ച് സ്ഥിര നിക്ഷേപങ്ങളായാണ് മേൽ തുക രണ്ട് ബാങ്കുകളിൽ നിക്ഷേപിച്ചത്. എന്നാൽ 2021-22 വർഷവും, 2022-23 ലേക്കും നിക്ഷേപിച്ച ഇവയുടെ പലിശ ലഭ്യമാവുന്നത് വിവിധ നിരക്കുകളിലായാണെന്ന് എഫ്.ഡി രസീറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. കൂടാതെ 2021-22 വർഷത്തേക്ക് കെ.ഡി.സി. ബാങ്കിൽ ഒരേ തീയതിയിൽ നിക്ഷേപിച്ച തുകകൾക്ക് വിവിധ നിരക്കിലാണ് പലിശ നിശ്ചയിച്ചത് എന്ന് കാണുന്നു. വിശദ വിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | എഫ്.ഡി. രസീറ്റ് നം | ബാങ്ക് | തീയതി | നിക്ഷേപിച്ച തുക | 2021-22 ലെ പലിശ (%) | വർഷാവസാനം ലഭ്യമായ തുക | 2022-23 ലേക്ക് ലഭ്യമാക്കിയ പലിശ (%) |
|---|---|---|---|---|---|---|---|
| 1 | 101012163 | ചേമഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 12/2/21 | 1686333 | 7.25 | 1808592 | 5.5 |
| 2 | 101010384 | ചേമഞ്ചേരി സർവ്വീസ് കോ- | 12/2/21 | 3498666 | 7.25 | 3752319 | 5.5 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ഓപ്പറേറ്റീവ് ബാങ്ക് | | | | | |
| 3 | 10011180612001 | കെ.ഡി.സി. ബാങ്ക് | 8/4/21 | 436683 | 6.75 | 466159 | 6.25 |
| 4 | 100111807520355 | കെ.ഡി.സി. ബാങ്ക് | 8/4/21 | 1434790 | 7.25 | 1538812 | 6.25 |
| 5 | 100111807520354 | കെ.ഡി.സി. ബാങ്ക് | 8/4/21 | 583874 | 7.25 | 626205 | 6.25 |

മേൽ പട്ടികയിലെ കെ.ഡി.സി ബാങ്കിലെ ക്രമ നം 4,5 എന്നിവയിലെ സ്ഥിര നിക്ഷേപത്തിന് 2021-22 വർഷം 7.25 ശതമാനം വാർഷിക പലിശ ലഭിച്ചിട്ടുണ്ട്. എന്നാൽ അതേ തീയതിയിൽ ഇതേ ബാങ്കിൽ നിക്ഷേപിച്ച ക്രമ നം 3 പ്രകാരമുള്ള സ്ഥിര നിക്ഷേപത്തിന് 6.75% മാത്രമാണ് പലിശ ലഭ്യമായിട്ടുള്ളത്. കൂടാതെ 2021-22 വർഷം മേൽ പട്ടിക പ്രകാരമുള്ള സ്ഥിര നിക്ഷേപങ്ങൾ പലിശ ഉൾപ്പെടെ ലഭ്യമായ തുകകൾ 2022-23 ലേക്ക് നിക്ഷേപം തുടർന്നുപോന്നിട്ടുണ്ട്. ഇതിൽ ചേമഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ ക്രമ നം 1,2 എന്നിവ പ്രകാരമുള്ള സ്ഥിര നിക്ഷേപങ്ങൾക്ക് 2021-22 ൽ 7.25% ലഭ്യമായിരുന്നു. എന്നാൽ 2022-23 ലേക്ക് ബാങ്ക് അനുവദിച്ചത് 5.5% മാത്രമാണ്. ഇതേ സമയം കെ.ഡി.സി ബാങ്ക് 6.25% പലിശ നൽകിയിട്ടുണ്ട്. നിക്ഷേപ പലിശയിലെ കുറവ് പരിശോധിക്കാതെ നിക്ഷേപം അതേ ബാങ്കിൽ തന്നെ തുടർന്നത് പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടാക്കാനിടയാക്കിയിട്ടുണ്ട്. അപാകതയ്ക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-11 വലിയ തുക കറന്റ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു-പഞ്ചായത്തിന് പലിശയിനത്തിലെ വരവിൽ നഷ്ടം

പഞ്ചായത്തിൽ ഇ-പേയ്മെന്റിനായുള്ള എസ്.ബി.ഐ- ലെ 67388634416 നമ്പർ അക്കൗണ്ടിൽ ഓൺലൈൻ പേയ്മെന്റിലൂടെ ലഭ്യമായ വിവിധ വരവുകളും വിഹിതങ്ങളും ഉൾപ്പെടെ 2020-21 വാർഷിക കണക്ക് ബാലൻസ് ഷീറ്റ്(ബി17) പ്രകാരം 56,22,825/-രൂപയും, 2021-22 വാർഷിക കണക്ക് 2021-22 (B-17) പ്രകാരം 74,64,306/-രൂപയും നീക്കിയിരിപ്പായുണ്ട്. ഇ-പെയ്മെന്റിനായുള്ള ഈ ബാങ്ക് അക്കൗണ്ട് കറന്റ് അക്കൗണ്ട് ആണ്. അതായത് ഈ അക്കൗണ്ടിലെ തുകയ്ക്ക് പലിശ ലഭ്യമാവുകയില്ല. കറന്റ് അക്കൗണ്ടിൽ വരുന്ന വരവുകൾ ഓരോ മാസവും പഞ്ചായത്തിന്റെ സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിരുന്നു. എന്നാൽ രണ്ട് വർഷത്തിലധികമായിട്ടും ഇത്രയും വലിയ തുക സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റാതെ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചത് ശരിയായ നടപടിയല്ല. തനത് ഫണ്ടിൽ വലിയ തുക നീക്കിയിരിപ്പുണ്ടാവുകയും പദ്ധതിയിൽ തനത്ഫണ്ട് വകയിരുത്താതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അധിക തുക സ്ഥിര നിക്ഷേപമായിമാക്കുകയോ സേവിങ്സ് അക്കൗണ്ടിലേക്ക് മാറ്റുകയോ ചെയ്യാതെ വലിയ തുക കറന്റ് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് പഞ്ചായത്തിന് പലിശയിനത്തിൽ ലഭ്യമാകുമായിരുന്ന തുക നഷ്ടപ്പെടുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതും അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(12/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-12 ഓഫീസ് മോഡേണൈസേഷൻ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ നടപ്പാക്കിയ ഓഫീസ് മോഡേണൈസേഷൻ (പ്രൊ.നം-165/22) എന്ന പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം, പേര് | 165/22, ഓഫീസ് മോഡേണൈസേഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | 536350 വികസന ഫണ്ട്-ജനറൽ<br>200000 തനത് ഫണ്ട് |
| ചെലവ് | 533954 വികസന ഫണ്ട്- ജനറൽ<br>14900 തനത് ഫണ്ട് |
| ബിൽ വിവരങ്ങൾ | |

ആവശ്യകതാ നിർണ്ണയത്തിൽ വീഴ്ച.

പദ്ധതി പ്രകാരം സി.പി.ആർ.സി.എസ് മുഖേന കെൽട്രോണിൽ നിന്നും 39797 രൂപ നിരക്കിൽ നാല് ഡെസ്ക് ടോപ് കമ്പ്യൂട്ടറുകൾ സ്ഥാപനം വാങ്ങിയിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

- കഴിഞ്ഞ 4 വർഷകാലയളവിനുള്ളിൽ 12 ഡെസ്ക് ടോപ് കമ്പ്യൂട്ടറുകളാണ് സ്ഥാപനം വാങ്ങിയിരിക്കുന്നത്. 2023 മാർച്ച് വരെ 18 ഡെസ്ക് ടോപ് കമ്പ്യൂട്ടറുകൾക്ക് എ.എം.സിയിലേർപ്പെട്ടിട്ടുമുണ്ട്. ഇതിൽ നിന്നും പ്രവർത്തനക്ഷമമായ 18 കമ്പ്യൂട്ടറുകൾ സ്ഥാപനത്തിൽ ഉണ്ടായിരുന്നു എന്നത് വ്യക്തമാണ്. മേൽ സാഹചര്യത്തിലും പദ്ധതി പ്രകാരം നാല് പുതിയ കമ്പ്യൂട്ടറുകൾ വാങ്ങിയത് ആവശ്യകത നിർണ്ണയിക്കാതെയാണ്. ഒരു സീറ്റിൽ തന്നെ എ.എം.സി ഉള്ള പഴയ കമ്പ്യൂട്ടറും 2021-22 വർഷത്തിൽ പുതുതായി വാങ്ങിയ കമ്പ്യൂട്ടറും വിന്യസിച്ചിട്ടുണ്ട്. ( ഉദാ- ജൂനിയർ ക്ലർക്ക് 1 ന്റെ സീറ്റിൽ ഇത്തരത്തിൽ രണ്ട് കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്നു )
- വർക്കിംഗ് ഗ്രൂപ്പ് ആസൂത്രണം ചെയ്ത മേൽ പദ്ധതി പ്രകാരം വാങ്ങിയ 4 കമ്പ്യൂട്ടറുകൾ തൊഴിലുറപ്പ് പദ്ധതി, എഞ്ചിനീയറിംഗ് വിഭാഗം എന്നിവയിലാണ് വിന്യസിച്ചിട്ടുള്ളത്. രണ്ട് കമ്പ്യൂട്ടറുകൾ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിലാണ് വിന്യസിച്ചിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയുടെ ആവശ്യാർത്ഥം വികസന ഫണ്ട് വിനിയോഗിച്ച് കമ്പ്യൂട്ടറുകൾ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മേൽ കമ്പ്യൂട്ടറുകൾ താത്കാലികമായാണ് തൊഴിലുറപ്പ് വിഭാഗത്തിന് കൈമാറിയതെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.
- ഡെസ്ക്ടോപിനൊപ്പം വിൻഡോസ് പ്രൊഫഷണൽ ഓപ്പറേറ്റിംഗ് സിസ്റ്റവും വാങ്ങിയിട്ടുണ്ട്. സൗജന്യമായി ലഭ്യമാകുന്ന ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റം ഉപയോഗിക്കാമെന്നിരിക്കെയാണ് സ്ഥാപനം വിൻഡോസ് 10 പ്രൊഫഷണൽ ഒ.എസ് വാങ്ങിയിട്ടുള്ളത്. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ വിന്യസിപ്പിച്ച് പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്തിൽ സെർവ്വർ അധിഷ്ഠിത സോഫ്റ്റ്‌വെയറുകൾ ഭാഗികമായി മാത്രമാണ് ഉപയോഗിക്കുന്നത്. വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം വിന്യസിച്ച 18 സിസ്റ്റങ്ങൾ സ്ഥാപനത്തിൽ നിലനിൽക്കെയാണ് പുതുതായി വിൻഡോസ് 10 പ്രൊഫഷണൽ ഒ.എസ് വാങ്ങിയിട്ടുള്ളത്. മൈക്രോസോഫ്റ്റിന്റെ ഔദ്യോഗിക വെബ്സൈറ്റ് പരിശോധിച്ചതിൽ നിന്നും വിൻഡോസ് 10 പ്രൊഫഷണൽ ഒ.എസിന് 16515 രൂപ ചെലവ് വരുന്നുണ്ട്. ആവശ്യകത നിർണ്ണയിക്കാതെ ഒ.എസ് വാങ്ങിയതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടതിന് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ സോഫ്റ്റ്‌വെയറുകൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നത് വിൻഡോസ് പ്ലാറ്റ്ഫോമിലാണെന്നാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത മറുപടി വസ്തുതാപരമല്ല. നിലവിൽ സ്ഥാപന, സചിത്ര സോഫ്റ്റ്‌വെയറുകൾ പ്രവർത്തിപ്പിക്കുന്നതിന് മാത്രമെ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ആവശ്യമുള്ളൂ. സ്ഥാപനത്തിൽ നിലവിലുള്ള കമ്പ്യൂട്ടറുകളിലെല്ലാം തന്നെ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം വിന്യസിച്ചിരിക്കെ പുതിയ കമ്പ്യൂട്ടറുകൾക്കും വിൻഡോസ് ഒ.എസ് വാങ്ങിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിവരസാങ്കേതിക വിദ്യ വകുപ്പിന്റെ 17.05.2014 ലെ സ.ഉ (സാധാ) നം. 109/2014/വി.സാ.വ ഉത്തരവ്, 21.07.2016 ലെ ഐ.ടി. സെൽ-2/701/2016/ഐ.ടി.ഡി നമ്പർ സർക്കുലർ, ഭാരത സർക്കാരിന്റെ 2015 ലെ സ്വതന്ത്ര സോഫ്റ്റ്‌വെയർ നയം എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് സ്ഥാപനം കുത്തക സോഫ്റ്റ്‌വെയർ വാങ്ങിയിട്ടുള്ളത്.
- ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വകുപ്പിന്റെ 23.07.2021 തിയ്യതിയിലെ ജി.ഒ (ആർ.ടി) നം. 99/2021/ITD നമ്പർ ഉത്തരവ് പ്രകാരം ഡെസ്ക് ടോപുകൾക്ക് പകരം ലാപ്ടോപുകളാണ് വാങ്ങേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ നിബന്ധനയും പാലിക്കപ്പെട്ടിട്ടില്ല.

വാറന്റി നിലനിൽക്കുന്ന കമ്പ്യൂട്ടറുകൾക്കും എ.എം.സി

- പദ്ധതിയുടെ ഭാഗമായി എലാരിയോ കോഴിക്കോട് എന്ന സ്ഥാപനവുമായി ഗ്രാമപഞ്ചായത്തിലെ 18 ക്ലയന്റ് കമ്പ്യൂട്ടർ, ഒരു സെർവ്വർ കമ്പ്യൂട്ടർ എന്നിവയുടെ പരിപാലനത്തിനായി എ.എം.സി യിലേർപ്പെട്ടിട്ടുണ്ട്. 2018-19 വർഷത്തെ 117/18-19 നമ്പറായുള്ള ഗ്രാമപഞ്ചായത്ത് ഓഫീസ് മോഡേണൈസേഷൻ -രണ്ടാം ഘട്ടം എന്ന പദ്ധതിയുടെ ഭാഗമായി കെൽട്രോണിൽ നിന്നും 15.03.2019 തിയ്യതിയിൽ 5 വർഷത്തെ വാറന്റിയോട് കൂടി നാല് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റ് ഓഡിറ്റിന് ലഭ്യമാക്കിയ ഹാർഡ്‌വെയർ രജിസ്റ്ററിൽ പ്രസ്തുത കമ്പ്യൂട്ടറുകളുടെ വാറന്റി കാലയളവ് 3 വർഷമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കമ്പ്യൂട്ടറുകൾക്ക് 2024 മാർച്ച് മാസം വരെ വാറന്റി നിലനിൽക്കെ 9200 രൂപ എ.എം.സിയിലേർപ്പെട്ടതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

അന്വേഷണ കുറിപ്പിന് മേൽ 4 കമ്പ്യൂട്ടറുകൾ ഒഴികെയുള്ള 18 കമ്പ്യൂട്ടറുകൾക്കാണ് എ.എം.സി യിലേർപ്പെട്ടതെന്നാണ് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. 2019, 2022 വർഷത്തിൽ വാങ്ങിയ 8 കമ്പ്യൂട്ടറുകൾ, എ.എം.സി യിലേർപ്പെട്ട 18 കമ്പ്യൂട്ടറുകൾ ഉൾപ്പെടെ ആകെ 26 കമ്പ്യൂട്ടറുകൾ സ്ഥാപനത്തിലുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ്. എന്നാൽ ഫ്രണ്ട് ഓഫീസ് ഉൾപ്പെടെ 14 സീറ്റുകളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. പദ്ധതി ആസൂത്രണം ചെയ്യുന്ന സമയത്ത് പ്രവർത്തനക്ഷമമായ 22 കമ്പ്യൂട്ടറുകൾ സ്ഥാപനത്തിലുണ്ടായിരിക്കെ പുതിയ നാല് കമ്പ്യൂട്ടറുകൾ വാങ്ങിയതിന്റെ സാംഗത്യം വ്യക്തമാക്കിയിട്ടില്ല. 2019 വർഷത്തിൽ വാങ്ങിയ നാല് കമ്പ്യൂട്ടറുകളും സെക്രട്ടറിയുടെ ഓഫീസിലാണ് ഉപയോഗിക്കുന്നത്. 2022 വർഷത്തിൽ 4 കമ്പ്യൂട്ടറുകളും സെക്രട്ടറി പുതുതായി വാങ്ങിയ 4 കമ്പ്യൂട്ടറും പരിഗണിക്കുമ്പോൾ 6 കമ്പ്യൂട്ടറുകൾക്ക് മാത്രമേ എ.എം.സി ആവശ്യമായിരുന്നുള്ളൂ എന്നത് വ്യക്തമാണ്.

. 2017-18 വാർഷിക പദ്ധതി പ്രകാരം ഹോമിയോ മെഡിക്കൽ ഓഫീസർക്കായി വാങ്ങിയ ഡെസ്ക് ടോപ് കമ്പ്യൂട്ടർ (ഐ.ഡി നം- UXVKSS1223G1800284) നിലവിൽ എഞ്ചിനീയറിംഗ് വിംഗിലാണ് ഉപയോഗിക്കുന്നത്. പകരം പഴയ ഒരു കമ്പ്യൂട്ടറാണ് ഹോമിയോ ഡിസ്പൻസറിയിൽ ഉപയോഗിക്കുന്നത്.

ആവശ്യകത പരിശോധിക്കാതെയാണ് ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടറുകൾക്കൊപ്പം വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റവും വാങ്ങിയിട്ടുള്ളത്. കൂടാതെ വാറന്റി നിലനിൽക്കുന്നതുൾപ്പെടെയുള്ള കമ്പ്യൂട്ടറുകൾക്കും എ.എം.സി യിൽ ഏർപ്പെട്ടതിലൂടെ സ്ഥാപനത്തിന് 9200 രൂപ അധിക ചെലവുണ്ടായിട്ടുണ്ട്. വാറന്റി രജിസ്റ്റർ സൂക്ഷിക്കുന്നതിലും ഹാർഡ് വെയർ രജിസ്റ്റർ കാലികമാക്കുന്നതിലും ഉണ്ടായിട്ടുള്ള വീഴ്ചയാണ് അപാകതക്ക് കാരണമായിട്ടുള്ളത്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-13 സ്ട്രീറ്റ് മെയിൻ- ലക്ഷ്യം പൂർത്തീകരിക്കുന്നില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ നടപ്പാക്കിയ സ്ട്രീറ്റ് മെയിൻ വലിക്കൽ (പ്രൊ.നം-167/22) എന്ന പദ്ധതിയുടെ ആസൂത്രണത്തിൽ താഴെ പറയുന്ന അപാകത ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ, പേര് | 167/22, സ്ട്രീറ്റ് മെയിൻ വലിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1391600 ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 819683 ധനകാര്യ കമ്മീഷൻ അവാർഡ് |
| ബിൽ വിവരങ്ങൾ | 27.03.22 ലെ BRN 642886 |

പദ്ധതി പ്രകാരം മുത്തോന റോഡ് വെറ്റിലപ്പാറ ഭാഗം, ഉവ്വക്കോട് എ.കെ.ജി മുക്ക് മുതൽ ഇയ്യക്കണ്ടി മുക്ക് വരെയുള്ള ഭാഗം, അഴീക്കൽ റോഡ് ഭാഗം എന്നിവിടങ്ങളിലായി 2.06 കിലോമീറ്ററിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് പദ്ധതി പ്രകാരം തുക കൈമാറിയിട്ടുണ്ട്. 2020-21 വർഷത്തിൽ 100000 രൂപയും 2019-20 വർഷത്തിൽ 1006740 രൂപയും സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് സ്ഥാപനം കൈമാറിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെയും സ്ട്രീറ്റ് മെയിൻ വലിച്ച മേൽ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചിട്ടില്ല . ഇക്കാരണത്താൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. 2022-23 വർഷത്തിലും മേൽ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(7/21-22) സ്ഥാപനം മറുപടി ലഭ്യമാക്കിയതിൽ നടപ്പ് വർഷത്തെ പദ്ധതികളുടെ ഭേദഗതി സമയത്ത് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നാണ് വ്യക്തമാക്കിയത്. മേൽ നടപടി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ഭവന പദ്ധതി ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ ജനറൽ എന്ന പദ്ധതി പ്രകാരം മുൻകൂർ കൈപ്പറ്റിയ വിജി.എം.കെ. വെളുത്താടത്ത് , ലൈഫ് പദ്ധതി ഗുണഭോക്താവായ ദിൽന വിനീത് എന്നിവർ യഥാക്രമം 25000, 40000 രൂപ ഗ്രാമപഞ്ചായത്തിൽ നിന്നും മുൻകൂറായി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതി | ഗുണഭോക്താവിന്റെ പേര് | മുൻകൂറായി കൈപ്പറ്റിയ | തുക കൈപ്പറ്റിയ |
|---|---|---|---|

| | | | |
|---|---|---|---|
| | | തുക | തിയ്യതി. |
| ലൈഫ് ഭവന പദ്ധതി | ദിൽന വിനീത്, പെരുവട്ടാർ കുനി, വെങ്ങളം | 40000 | 16.03.2020 |
| വീട് വാസയോഗ്യമാക്കൽ- ജനറൽ | വിജി.എം.കെ., വെളുത്താടത്ത്, തിരുവങ്ങൂർ | 25000 | 18.03.2021 ബിൽ നം. 40/21-22 |

മേൽ ഗുണഭോക്താക്കൾ ഓഡിറ്റ് തിയ്യതി വരെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. കരാർ വ്യവസ്ഥകൾ ലംഘിച്ച മേൽ ഗുണഭോക്താക്കൾക്കെതിരെ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(8/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കളോട് അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യപ്പെടേണ്ടതാണ്. അല്ലാത്തപക്ഷം പലിശ സഹിതം തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ബോട്ടിൽ ബൂത്ത്- പദ്ധതി നിർവ്വഹണത്തിലെ അപാകത

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ നടപ്പാക്കിയ ക്ലീൻ ഗ്രീൻ- അജൈവ മാലിന്യ ശേഖരണം- ബോട്ടിൽ ബൂത്ത് വാങ്ങി സ്ഥാപിക്കൽ
(പ്രൊജക്റ്റ് നമ്പർ- 74/21-22) എന്ന പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. പദ്ധതി പ്രകാരം ടെണ്ടർ നടപടികളിലൂടെയാണ് ചോയ്സ് ഫർണ്ണിച്ചർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് ബോട്ടിൽ ബൂത്തുകൾ നിർമ്മിക്കുന്നതിന് കരാർ നൽകിയിട്ടുള്ളത്. ടെണ്ടറിൽ പങ്കെടുത്ത കരാറുകാർ വ്യത്യസ്ത സ്പെസിഫിക്കേഷൻ ആധാരമാക്കിയാണ് നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ളത്. എന്നാൽ ടെണ്ടർ പരസ്യത്തിനൊപ്പം പ്രസിദ്ധപ്പെടുത്തിയ ബോട്ടിൽ ബൂത്തിന്റെ സ്പെസിഫിക്കേഷൻ, കരാറുകാരന്റെ അർഹതാ മാനദണ്ഡം സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സ്ഥാപനം 2021-22 വർഷത്തിൽ 20 മിനി എം.സി.എഫുകൾ നിർമ്മിച്ചിട്ടുണ്ട്. 4.5 ക്യൂബിക് മീറ്റർ ശേഷിയുള്ള പ്രസ്തുത മിനി എം.സി.എഫുകൾ 18010 രൂപ നിരക്കിലാണ് നിർമ്മിച്ചിട്ടുള്ളത്. എന്നാൽ പദ്ധതി പ്രകാരം 2.66 ക്യൂബിക് മീറ്റർ ശേഷിയിൽ നിർമ്മിച്ച ബോട്ടിൽ ബൂത്തിന് 23640 രൂപ നിരക്കിലാണ് ചെലവ് വന്നിട്ടുള്ളത്. (മിനി എം.സി.എഫിനെ അപേക്ഷിച്ച് ഉയർന്ന ഗേജിലുള്ള മെറ്റീരിയലാണ് ബോട്ടിൽ ബൂത്തിന് ഉപയോഗിച്ചിട്ടുള്ളത് എന്നത് മാത്രമാണ് പ്രകടമായ വ്യത്യാസമെന്ന് സ്ഥലപരിശോധനയിൽ നിന്നും വ്യക്തമായിട്ടുണ്ട്). മേൽ വസ്തുതകളിൽ നിന്നും ബോട്ടിൽ ബൂത്തിന് ചെലവഴിച്ച തുക മിനി എം.സി.എഫ് ന് വേണ്ടി ചെലവഴിച്ചതിനേക്കാൾ കൂടുതലാണെന്ന് വ്യക്തമാണ്. തൊഴിലുറപ്പ് പദ്ധതി പ്രകാരം കുറഞ്ഞ ചെലവിൽ ബോട്ടിൽ ബൂത്തുകൾ നിർമ്മിക്കാനുള്ള സാഹചര്യം നിലനിൽക്കെ വികസന ഫണ്ട് വിനിയോഗിച്ച് ബോട്ടിൽ ബൂത്ത് നിർമ്മിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.
3. സ്ഥാപനം ഓരോ വാർഡിലും 2 വീതം ഹരിതകർമ്മസേനാംഗങ്ങളെ വീതം നിയോഗിച്ചാണ് ഖരമാലിന്യ പരിപാലനം നടത്തി വരുന്നത്. ബോട്ടിൽ ബൂത്തുകളിൽ നിന്നും പ്രതിവാരം ബോട്ടിലുകൾ ശേഖരിക്കുന്നതിനുള്ള മനുഷ്യശേഷി ഹരിതകർമ്മ സേനക്കുണ്ട്. മേൽ സാഹചര്യത്തിൽ 2.66 ക്യൂബിക് മീറ്റർ ശേഷിയുള്ള ബോട്ടിൽ ബൂത്തിന്റെ ആവശ്യകത വ്യക്തമാക്കേണ്ടതാണ്. ഹരിത കർമ്മസേനയുടെ മിനുട്സ് /പാസ്ബുക്ക് പരിശോധിച്ചതിൽ നിന്നും ഓഡിറ്റ് തിയ്യതിവരെയും കുറഞ്ഞ അളവിലുള്ള ബോട്ടിലുകൾ മാത്രമാണ് കളക്റ്റ് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാണ്.
4. കരാർ നൽകിയിട്ടുള്ള ചോയ്സ് ഫർണ്ണിച്ചർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ജി.എസ്.ടി രജിസ്ട്രേഷൻ രേഖകളിൽ സ്ഥാപനത്തിന്റെ ഉത്പന്നങ്ങളിൽ ബോട്ടിൽ ബൂത്ത് നിർമ്മാണം ഉൾപ്പെടുത്തിയിട്ടില്ല. ബില്ലിൽ പരാമർശിച്ച 1206 HSN നമ്പർ സൂര്യകാന്തി വിത്തുകളുമായി ബന്ധപ്പെട്ടതാണ്.

മേൽ പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (17/21-22) മറുപടി ലഭ്യമായിട്ടില്ല.

## 1-16 ഹരിത കർമ്മ സേന- മോണിറ്ററിംഗ് ഫലപ്രദമല്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ സീറോ വേസ്റ്റ് അജൈവ മാലിന്യം (വയബിലിറ്റി

ഗ്യാപ് ഫണ്ട് ) എന്ന പദ്ധതി മുഖേന 200000 രൂപ വയബിലിറ്റി ഗ്യാപ് ഫണ്ടായി ഹരിത കർമ്മ സേനക്ക് നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 11869 വീടുകളും 1167 വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുമാണ് ഹരിത കർമ്മ സേന അജൈവ മാലിന്യ ശേഖരണം നടത്തുന്നത്. എന്നാൽ ഹരിത കർമ്മസേനയുടെ പാസ്ബുക്ക് പരിശോധിച്ചതിൽ നിന്നും നാമമാത്രമായ തുക മാത്രമെ സ്ഥാപനം യൂസർ ഫീ ആയി പിരിച്ചെടുത്തിട്ടുള്ളൂ എന്നത് വ്യക്തമാണ്. പ്രതിമാസം 710150 രൂപ യൂസർ ഫീ ഇനത്തിൽ ഹരിത കർമ്മസേനക്ക് വരുമാനമുണ്ടാകേണ്ടതാണ്. ആയതിന് പുറമെ മൂല്യസാധ്യതയുള്ള മാലിന്യ വിൽപനയിലൂടെയും ഹരിത കർമ്മസേനക്ക് വരുമാനമുണ്ടാകേണ്ടതാണ്. എന്നാൽ യൂസർ ഫീ പിരിച്ചെടുക്കുന്നതിലും ഹരിതകർമ്മസേനയെ പ്രവർത്തന നിരതമാക്കുന്നതിലും മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്.

ഹരിത കർമ്മസേനയെ പ്രവർത്തന നിരതമാക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഉറപ്പ് വരുത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റി എന്ന നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(18/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 ആയുർവ്വേദ ആശുപത്രി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയില്ല

ഗ്രാമപഞ്ചായത്ത് ആയുർവ്വേദ എൻ.ആർ.എച്ച്.എം ഡിസ്പൻസറി നിലവിൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 2021-22 വർഷത്തിൽ 48720 രൂപ പ്രസ്തുത കെട്ടിടത്തിന്റെ വാടകയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ കുറവുള്ളതും ചോർന്നൊലിക്കുന്നതുമായ കെട്ടിടത്തിലേക്ക് രോഗികൾക്ക് പ്രവേശിക്കാനുള്ള വഴി ഇടുങ്ങിയതും വായു സഞ്ചാരം കുറഞ്ഞതുമാണ്. മരുന്ന് സൂക്ഷിക്കാനുള്ള മതിയായ സൗകര്യവും കെട്ടിടത്തിൽ ലഭ്യമല്ല. ആശുപത്രിയിൽ ഫാർമസിസ്റ്റ്, പി.ടി.എസ് തസ്തികകൾ നിലവിലില്ല.

29.07.2011 ലെ ജി.ഒ (ആർ.ടി). നം.1813/2011/LSGD നമ്പർ ഉത്തരവ് പ്രകാരം NRHM ആശുപത്രികളിലെ ഫാർമസിസ്റ്റ്, അറ്റൻഡർ, പി.ടി.എസ് നിയമനങ്ങൾ നടത്തി ശമ്പളം നൽകേണ്ട ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയുർവ്വേദ ആശുപത്രിക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലും സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരെ നിയോഗിക്കുന്നതിലുമുണ്ടായ വീഴ്ച വിശദീകരിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (19/21-22) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയുർവ്വേദ ആശുപത്രി സൗകര്യപ്രദമായ മറ്റൊരു കെട്ടിടത്തിലേക്ക് മാറ്റേണ്ടത് അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഏതെങ്കിലും കെട്ടിടത്തിലേക്ക് (ഉദാ- നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന ശിശുമന്ദിരം കെട്ടിടം) സ്ഥാപനം മാറ്റുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതും ആയുർവ്വേദ ആശുപത്രി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ജീവനക്കാരെ ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-18 പദ്ധതികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസ്തി സൃഷ്ടിക്കുന്നതിനോ, പരിപാലിക്കുന്നതിനോ ആയി ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ ആസ്തി പൂർണ്ണമായി സൃഷ്ടിക്കുന്നതിനാവശ്യമായ പ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പകരം വകയിരുത്തിയ ഫണ്ടിന് ആനുപാതികമായി പ്രവൃത്തി നിർവ്വഹിക്കുന്ന രീതിയാണ് നിലനിൽക്കുന്നത്. ഇത് മൂലം പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനും ആസ്തിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നതിലും താമസമുണ്ടാകുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊ.നം& പേര് | എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ | ആസ്തി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായതും നിർവ്വഹിക്കാത്തതുമായ ഇനങ്ങൾ |
|---|---|---|
| ചെത്തിൽ താഴെ കുടിവെള്ള പദ്ധതി | പൈപ്പ് ലൈൻ സ്ഥാപിക്കൽ, ഹൗസ് കണക്ഷൻ | പമ്പ് സെറ്റ് സ്ഥാപിക്കൽ |
| 100/21-22, കോയമ്പുറത്ത് താഴെ | ഡി.ആർ മേസൺറി, | ടാറിംഗ് /കോൺക്രീറ്റ് പ്രവൃത്തികൾ |

| | | |
|---|---|---|
| എസ്.സി കോളനി റോഡ് | ജി.എസ്.ബി | |

മേൽ അപാകതക്ക് പുറമെ റോഡിന്റെ പ്രവൃത്തി ആവശ്യമായ മുഴവൻ ചെയിനേജിലും പ്രവൃത്തി നിർവ്വഹിക്കാതെ വകയിരുത്തിയ ഫണ്ടിനനുസൃതമായി പരിമിതപ്പെടുത്തുന്ന പ്രവണതയും സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. അപാകതക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (20/21-22)സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ മുഴവൻ ഇനങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും ആയതിനാവശ്യമായ അളവിൽ ഫണ്ട് വകയിരുത്തേണ്ടതുമാണ്.

1-19 റോഡ് ടാറിംഗ് ഗുണമേന്മയുള്ള ഇനം തെരെഞ്ഞെടുത്തില്ല

സ്ഥാപനത്തിൽ ഓഡിറ്റ് വർഷത്തിൽ നിർവ്വഹിക്കപ്പെട്ട റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് പൂർണ്ണമായും ഉപയോഗപ്പെടുത്തിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണ്. മോർഡ് സ്പെസിഫിക്കേഷനിൽ ഗ്രാമീണ റോഡുകൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രധാനപ്പെട്ട രണ്ടിനങ്ങളിൽ ഒന്ന് മേൽപറഞ്ഞതും മറ്റൊന്ന് MSS(Mixed Seal Surfacing) മാണ്. ആദ്യത്തേത് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ സീൽ കോട്ട് എന്ന മറ്റൊരിനം കൂടി നിർവ്വഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാകുക. എന്നാൽ രണ്ടാമത്തേത് ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ മറ്റൊരു സീൽ കോട്ട് ആവശ്യമില്ല. ഇത് കൊണ്ട് തന്നെ കൂടുതൽ ചെലവേറിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20mm ചിപ്പിംഗ് കാർപ്പറ്റിന് ടാക്ക് കോട്ടിന് മുകളിൽ രണ്ടിനങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഒന്ന് ചിപ്പിംഗ് കാർപ്പെറ്റും മറ്റേത് സീല് കോട്ടുമാണ്. യഥാക്രമം 153.03 രൂപയും 60.63 രൂപയും നിരക്കിൽ ഇത് രണ്ടിനം കൂടി എം സ്ക്വയർ ചെയ്യാൻ ആകെ 213.66 രൂപ ചെലവ് വരുന്നുണ്ട്. എന്നാൽ MSS (Mixed Seal Surfacing) സീൽ കോട്ട് ഉൾപ്പെടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. ഇതിന്റെ നിരക്ക് എം സ്ക്വയറിന് (മെക്കാനിക്കൽ) 161.97/-രൂപ മാത്രമാണ്. അതായത് 20mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്ക്വയറിന് 51.69 രൂപ അധിക ചെലവ് വരുന്നുണ്ടെന്ന് കാണാം.

മിക്സഡ് സീൽ സർഫസ് (MSS)എന്ന രണ്ടാമത്തെ ഇനത്തിന്റെ മറ്റൊരു പ്രധാന പ്രത്യേകത ഇതിന്റെ പേവിംഗ് നിർവ്വഹിക്കേണ്ടത് ഒരു മെക്കാനിക്കൽ പേവർ (Mechanical Paver) ഉപയോഗിച്ചായിരിക്കണമെന്നതാണ്. (മോർഡ് സ്പെസിഫിക്കേഷൻ, സെക്ഷൻ 507.3 പ്രകാരമുള്ള Construction Operations കാണുക) എന്നാൽ 20mm ചിപ്പിംഗ് കാർപ്പറ്റിന്റെ കാര്യത്തിൽ Construction Operations 506.2.4.6 പ്രകാരമുള്ളതാണ്. ഇത് പ്രകാരം പേവിംഗിൽ കനവും ഗ്രേഡും ക്രോസ് ഫാളും ഉറപ്പാക്കുന്ന തരത്തിൽ മിക്സ് ഏകീകൃതമായി നിരത്താനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതായത് ഇവിടെ പേവിംഗ് നിർവ്വഹിക്കുന്നത് മനുഷ്യശേഷി വിനിയോഗിച്ചാണെന്ന് കാണാം. ഈ രണ്ട് രീതികളും അവലംബിക്കുമ്പോൾ നിർമ്മാണശേഷം റോഡിന്റെ പ്രതലത്തിൽ അനുവദിക്കാവുന്ന പരമാവധി നിമ്നോന്നത (Undulations) മോർഡ് സ്പെസിഫിക്കേഷന്റെ ഗുണനിലവാരം സംബന്ധിച്ച് വിശദമാക്കുന്ന സെക്ഷൻ 1800 ൽ പ്രതിപാദിച്ചിട്ടുണ്ട്. വിവിധ നിർമ്മിതികളിൽ (സബ് ബേസ്, ബേസ് മുതലായവ) അനുവദിക്കാവുന്ന സർഫസ് ലെവലിലെ പരാമാവധി ടോളറൻസ് 1802.2 നമ്പർ ടേബിളിൽ വിശദമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മെഷീൻ ഉപയോഗിച്ച് പേവിംഗ് നടത്തുന്ന പ്രീ മിക്സ് ചിപ്പിംഗ് കാർപ്പറ്റ്, MSS എന്നീ ഇനങ്ങളിൽ പരാമാവധി ടോളറൻസ്(tolerance) കൂടിയത് + 6mm ഉം കുറഞ്ഞത് -6 Mm മാണ്. അതായത് പരാമാവധി അനുവദിക്കാവുന്ന ഉയർന്നതും താഴ്ന്നതുമായ നിമ്നോന്നത(undulations) മേൽ പറഞ്ഞ അളവുകൾക്കിടയിലുള്ളതാണെന്ന് കാണാം. എന്നാൽ മാന്വൽ രീതിയിൽ പേവിംഗ് നടത്തുമ്പോൾ ഇത് പരാമാവധി +10mmഉം -10 Mm ഇടയിലാണെന്ന് കാണാം. ഇപ്രകാരമുള്ള ഉയർന്ന നിമ്നോന്നത(undulations) സുഗമമായ യാത്രയ്ക്ക് തടസ്സമാകും. കൂടാതെ മെക്കാനിക്കൽ പേവർ ഉപയോഗിക്കുമ്പോൾ നിർമ്മിതിയിൽ തന്നെ പ്രതലത്തിന്റെ ലെവൽ പരമാവധി ഉറപ്പാക്കപ്പെടുന്നതാണ്. എന്നാൽ മാന്വലായി നിർമ്മിക്കുമ്പോൾ മേൽ പറഞ്ഞ പരമാവധി ടോളറൻസ്(tolerance) ആയ +10mm ഉം -10 Mm ഇടയിലാണ് നിർമ്മാണം നടന്നതെന്ന് ഒരു സംവിധാനവും നിലവിൽ ഉറപ്പാക്കുന്നില്ല. ഇത് കൊണ്ട് തന്നെ ഇത്തരം റോഡുകളിൽ നിമ്നോന്നത (Undulations) അനുവദിച്ചതിലും വളരെ കൂടുതൽ വരുന്ന അവസ്ഥാ വിശേഷമുണ്ട്.

മാന്വൽ പേവിംഗ് രീതിയെ അപേക്ഷിച്ച് ചെലവ് കുറവുള്ളതും നിമ്നോന്നത കുറയുന്നതിനാൽ വാഹനഗതാഗതം സുഗമമാക്കുന്നതുമായ MSS എന്ന രീതി പഞ്ചായത്തിലെ റോഡുകളിൽ അവലംബിക്കാത്തത് വിശദീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-20 മരണപ്പെട്ടവരുടെയും പുനർവിവാഹിതരുടേയും പെൻഷൻ സസ്പെന്റ് ചെയ്യുന്നു എന്ന് ഉറപ്പ് വരുത്തുന്നില്ല:

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന

അപാകതകൾ ശ്രദ്ധയിൽപെട്ടു. നിലവിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന മരണങ്ങളുടെ വിവരങ്ങൾ ആധാരമാക്കി മാത്രമാണ് പെൻഷൻ റദ്ദ് ചെയ്യുന്നത്. പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടേയോ, പുനർ വിവാഹം നടത്തിയവരുടെയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിൽ ഇല്ല. റദ്ദ് ചെയ്യാൻ അപേക്ഷ ലഭിക്കുന്നവരുടെ പെൻഷൻ മാത്രമാണ് റദ്ദ് ചെയ്യപ്പെടുന്നത്. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോവുന്നതാണ്. അതിനാൽ റദ്ദ് ചെയ്യാൻ അപേക്ഷ നൽകാത്ത അനർഹരായവർക്ക് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. അധികമായി നൽകുന്ന പെൻഷൻ തുക തിരിച്ച് ഈടാക്കാത്തപക്ഷം പഞ്ചായത്ത് സെക്രട്ടറിയുടെ വ്യക്തിഗത ബാധ്യതയാണ്.

ചില ഉദാഹരണങ്ങൾ ചുവടെ കൊടിക്കുന്നു.

| പേര് | മരണം/പുനർവിവാഹം നടന്ന തിയതി | അധികമായി നൽകിയ തുക |
|---|---|---|
| സജിഷ (വിധവ പെൻഷൻ) | 2020 ഫെബ്രുവരി (പുനർവിവാഹം) | 9600 (മാർച്ച് 2020 മുതൽ ജ്രൂൺ 2021 വരെ. 600x16) |
| ഇമ്പീച്ചാമിന | 2021 നവമ്പർ (മരണം) | 1600 (ഡിസംബർ) |
| ഹരിദാസൻ | 2021 സെപ്റ്റംബർ (മരണം) | 1600 (ഒക്ടോബർ) |
| ദാസൻ കെ വി | 2021 ഡിസംബർ (മരണം) | 1600 (ജനുവരി) |
| ശ്രീധരൻ കെ | 2022 ജനുവരി (മരണം) | 1800(ഫെബ്രുവരി മുതൽ ഏപ്രിൽ വരെ,600x3) |

ജി.ഒ(എം.എസ്) നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാ വർക്കർമാരെയും ഉപയോഗപ്പെടുത്തി മരണപ്പെട്ടവർക്ക് പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കണവാടി/ആശാ വർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കാവുന്നതുമാണ്. അധികമായി നൽകിയ തുക തിരിച്ചടയ്ക്കാൻ വ്യക്തികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ കത്ത് നൽകേണ്ടതും തുക തിരിച്ചടയ്ക്കപ്പെട്ടുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പെൻഷൻ റദ്ദ് ചെയ്യാൻ ലഭിക്കുന്ന അപേക്ഷകൾക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-21 ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ പദ്ധതി- ആസൂത്രണത്തിലെ പിഴവ്-അർഹതയുള്ള ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ ലഭ്യമാക്കിയില്ല.

ICDS സൂപ്പർവൈസർ നിർവഹണം നടത്തിയ പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു .

1) പ്രൊ.നം.48 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ

എ) മേൽ പദ്ധതിയ്ക്കു വേണ്ടി മെഡിക്കൽ ക്യാമ്പ് നടത്തി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഉപകരണങ്ങൾ ലഭ്യമാക്കിയത് കേരള സ്റ്റേറ്റ് വികലാംഗക്ഷേമ ബോർഡാണ്. എന്നാൽ ഈ ലിസ്റ്റിലുള്ള ഉപകരണങ്ങൾക്ക് 862249 /- രൂപ വില വരികയും പദ്ധതി അടങ്കൽ 5 ലക്ഷം രൂപ ആവുകയും ചെയ്ത സാഹചര്യത്തിൽ ഉപകരണങ്ങളുടെ എണ്ണം വെട്ടി കുറയ്ക്കേണ്ടിവരികയും മെഡിക്കൽ ക്യാമ്പിൽ തെരഞ്ഞെടുക്കപ്പെട്ട അർഹരായ ചില ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ ലഭിക്കാതെ വരികയും ചെയ്തു. ഏതാനും ഉദാ: താഴെ കൊടുക്കുന്നു.

| പേര് | ഭിന്ന ശേഷി ശതമാനം |
|---|---|
| അജിൻ ദേവ് | 40 |

| | |
|---|---|
| | |
| നിജു മോൻ ടി പി | 45 |
| ഷാഹുൽ ഹമീദ് | 60 |

40 ശതമാനം ഭിന്നശേഷിത്വം ഉള്ളവർ ലിസ്റ്റിൽ ഉൾപ്പെട്ടപ്പോൾ 60 ശതമാനം ഭിന്നശേഷിത്വം ഉള്ളവർ ഒഴിവാക്കപ്പെട്ടു. ലിസ്റ്റ് പുന:ക്രമീകരിച്ചപ്പോൾ ഗുണഭോക്താക്കളുടെ മുൻഗണന നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. ഉപകരണങ്ങൾ ലഭിക്കാത്ത അർഹതയുള്ള ഭിന്നശേഷിക്കാർക്ക് ആയത് ലഭ്യമാക്കുന്നതിന് അടുത്ത വർഷം സ്പിൽ ഓവറായി ഈ പ്രോജക്ട് നടപ്പാക്കപ്പെട്ടിട്ടില്ല. വകയിരുത്തിയ തുകയേക്കാൾ ചെലവ് വരുന്ന രീതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതും, അർഹരായവർക്ക് ഉപകരണങ്ങൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളും വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ എൻക്വയറിയ്ക്ക് (നം.1/2021-22 തി: 16.11.11) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശിച്ച മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ട് പദ്ധതികൾ നടപ്പാക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആവശ്യത്തിനനുസരിച്ച് തുക വകയിരുത്താതിരുന്നത് വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തു നിന്നുണ്ടായ ആസൂത്രണത്തിലെ പിഴവാണ്. ലിസ്റ്റ് പുന:ക്രമീകരിച്ചപ്പോൾ ഗുണഭോക്താക്കളുടെ മുൻഗണന നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കിയും, സ്പിൽ ഓവറായി ഈ പ്രോജക്ട് നടപ്പാക്കി അർഹരായവർക്ക് മുഴുവൻ ഉപകരണങ്ങൾ ലഭ്യമാക്കി അറിയിക്കുകയും ചെയ്ത് പരാമർശം ഒഴിവാക്കാവുന്നതാണ്.

ബി) പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018, തസ്വഭവ, തിരുവനന്തപുരം തിയതി: 14.2.18, ഖ 7.1.3 (5) പ്രകാരം പല തദ്ദേശ ഭരണ സ്ഥാപനങ്ങളും മറ്റു പല ഏജൻസികളും വർഷങ്ങളായി ഉപകരണങ്ങൾ നല്കിക്കൊണ്ടിരിക്കുന്നതിനാൽ ഉപകരണം ഉള്ളവർക്ക് തന്നെ അതേ ഉപകരണത്തെ വീണ്ടും നല്കപ്പെടാതിരിക്കാൻ വേണ്ട മുൻകരുതലുകൾ സ്വീകരിക്കേണ്ടതുണ്ട് എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഉപകരണങ്ങൾ സ്വീകരിച്ച വ്യക്തികൾ ഇതേ ഉപകരണങ്ങൾ മുൻപ് സ്വീകരിച്ചിട്ടില്ല എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വരും വർഷങ്ങളിൽ ഇത്തരത്തിൽ ഉപകരണങ്ങൾ നൽകുമ്പോൾ, മുൻപ് ഇതേ ഉപകരണങ്ങൾ ഇതേ വ്യക്തി സ്വീകരിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം കൂടെ ലഭ്യമാക്കേണ്ടതാണ്.

1-22 മെഡിക്കൽ ഓഫീസർ(സി.എച്ച്.സി. തിരുവങ്ങൂർ) നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

1) പാലിയേറ്റീവ് പരിചരണവും വൈദ്യ സഹായവും

പ്രോജക്റ്റ് നം 35/21-22

വകയിരുത്തിയ തുക – 500000/-

ചെലവ് - 495142/-

ബിൽ നം - 01/21-22 , തീയതി- 14/06/21, ബിൽ തുക-34536/-

ബിൽ നം - 02/21-22 , തീയതി- 14/06/21, ബിൽ തുക-37401/-

ബിൽ നം - 03/21-22, തീയതി- 30/06/21, ബിൽ തുക- 7300/-

ബിൽ നം - 04/21-22 , തീയതി- 19/07/21, ബിൽ തുക-22530/-

പഞ്ചായത്തിലെ കിടപ്പിലായ മുഴുവൻ രോഗികൾക്കും പരിചരണം നൽകുന്നതിനും അതീവ ഗുരുതരാവസ്ഥയിലുള്ള രോഗികൾക്ക് അവരുടെ ശിഷ്ടകാലം ആയാസ രഹിതമാക്കുക എന്നതുമാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി സ്റ്റേഷനറി, ഹോംകെയർ നഴ്സിന് ഓണറേറിയം, ഡ്രൈവറുടെ വേതനം എന്നിവയ്ക്കായാണ് തുക വകയിരുത്തിയിരിക്കുന്നത്.

ഈ പദ്ധതി പ്രകാരം പാലിയേറ്റീവ് പരിചരണത്തിനായുള്ള ആംബുലൻസിന്റെ ഡ്രൈവർക്ക് വേതനം നൽകിയ വകയിൽ ചുവടെ പരാമർശിച്ച പ്രകാരമുള്ള പൊരുത്തക്കേടുകൾ കാണുന്നു.

സർക്കാർ ഉത്തരവ് സ.ഉ (പി)നം.155/2020/ധന തീ. 11/11/2020 പ്രകാരം കോവിഡ് സ്ഥിരീകരിക്കപ്പെട്ടതും ക്വാറന്റൈൻ നിർദ്ദേശിക്കപ്പെട്ടതോ ആയ സർക്കാർ ജീവനക്കാർ/ദിവസ/കരാർ ജീവനക്കാർ എന്നിവർക്ക് പ്രസ്തുത കാലയളവ് സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആകസ്മികാവധി അനുവദിക്കാവുന്നതും ടി

കാലയളവിൽ അവർക്ക് ജോലിക്ക് ഹാജരാകേണ്ടിയിരുന്ന പ്രവൃത്തി ദിവസങ്ങൾ ഡ്യൂട്ടിയായി പരിഗണിച്ച് വേതനം നൽകാവുന്നതാണ് എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ബിൽ നമ്പർ 2/21-22 പരിശോധിച്ചതിൽ പാലിയേറ്റീവ് ആംബുലൻസിന്റെ ഡ്രൈവർ ശ്രീ.ബിനേഷ് കുമാർ.പി.വി എന്നവരുടെ അപേക്ഷ പ്രകാരം 14/05/2021 മുതൽ 28/05/21 വരെ പ്രഥമ സമ്പർക്കപ്പട്ടികയിലായതിനാൽ മേൽ ഉത്തരവ് പ്രകാരം ഈ കാലയളവിലെ (15 ദിവസത്തെ വേദനം =15*730=10950/-) വേതനം അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ബില്ലിനോടൊപ്പമുള്ള (ബിൽ നമ്പർ 2/21-22) സ്റ്റേറ്റ്മെന്റ് ഓഫ് എക്സ്പെന്റീച്ചറിൽ രണ്ട് വൗച്ചറുകളിലായി 7300/-രൂപ വീതം വേതനമായി 14600/-രൂപ ടിയാന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയും ടിയാൻ ഇതിന് രസീറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. രസീറ്റ് പ്രകാരം മെയ് 2021 ലെ 18, 19, 20, 22, 24, 25, 26, 27, 29, 31 (പത്ത് ദിവസം) എന്നീ തീയതികളിൽ ജോലി ചെയ്തതിന്റെ വേതനം കിട്ടിയതായി ടിയാൻ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ഇത് കൂടാതെ കോവിഡ് നിരീക്ഷണത്തിലായ കാലയളവിലെ പ്രവൃത്തി ദിവസങ്ങളിലെ വേതനമായ 7300/-രൂപ കിട്ടിയതായും ടിയാൻ രസീതി നൽകിയിട്ടുണ്ട്. ഇതു കൂടാതെ ബിൽ നം 3/21-22 പ്രകാരം ഹോം കെയർ ആവശ്യത്തിന് വണ്ടി ഓടിയ വകയിൽ ശ്രീ. സാരംഗ്.പി, പടിഞ്ഞാറയിൽ എന്നവർക്ക് ഇതേ കാലയളവിൽ (മെയ് 2021 ലെ 18, 19, 20, 22, 24, 25, 26, 27, 29, 31 -പത്ത് ദിവസം) ജോലി ചെയ്തതിന് 7300/- രൂപ ശ്രീ. സാരംഗിന്റെ അക്കൗണ്ടിലേക്ക് നൽകുകയും ടിയാനിൽ നിന്ന് കൈപ്പറ്റ് രസീത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

അതായത് ഒരേ ദിവസത്തെ ജോലിക്ക് മൂന്ന് വേതനം നൽകപ്പെട്ടതായി കാണുന്നു. ശ്രീ.ബിനീഷ് കുമാർ.പി.വി യ്ക്ക് കോവിഡ് നിരീക്ഷണത്തിലുള്ള കാലയളവിന് പുറമെ ഇതേ കാലയളവിന് ഒരു അധിക വേതനം നൽകിയതായി കാണുന്നു.

ആംബുലൻസ് ലോഗ് ബുക്ക് പ്രകാരം ജില്ലാ കലക്ടറുടെ 06-05-2021ലെ DCKKD/4545/21F4 നമ്പർ ഉത്തരവ് പ്രകാരം വാഹനം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വിട്ട് നൽകിയിട്ടുണ്ട്. മെഡിക്കൽ ഓഫീസറുടെ തന്നെ പ്രോജക്റ്റ് നം 124/21-22പ്രകാരം ഇതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ മേൽ പരാമർശിച്ച കാലയളവിൽ വേതനം കൈപ്പറ്റിയ 29/5/21 തീയതിയിലും (വൗച്ചർ നം-22100238 Dtd 14-6-21 , വൗച്ചർ തുക- 6570/-) ശ്രീ.ബിനീഷ് കുമാർ.പി.വി യ്ക്ക് വേതനം നൽകിയതായി കാണുന്നു. അധികം നൽകിയ വേതനം ടിയാനിൽ നിന്നും തിരികെ ഈടാക്കേണ്ടതും അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

2) വയോജനങ്ങൾക്ക് ഗ്ലൂക്കോ മീറ്റർ

പ്രോജക്റ്റ് നം 88/21-22

വകയിരുത്തിയ തുക – 115033/-

ചെലവ് - 115033/-

ബിൽ നം - 20/21-22 , തീയതി- 08/03/22, ബിൽ തുക-115033/-

വയോജനങ്ങൾക്ക് 118 ഗുണഭോക്താക്കൾക്ക് ഗ്ലൂക്കോ മീറ്റർ വാങ്ങി നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പഞ്ചായത്ത് ഭരണസമിതിയുടെ 21/12/21ലെ 2/5 തീരുമാനപ്രകാരം അംഗീകരിച്ച 118 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 111 ഗ്ലൂക്കോമീറ്റർ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് കാണുന്നു. ബാക്കി വിതരണം ചെയ്യാത്ത 7എണ്ണം ഗ്ലൂക്കോ മീറ്ററുകൾ വിതരണം ചെയ്യാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്. ഇവ വിതരണം നടത്തി വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3) കോവിഡ് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ

പ്രോജക്റ്റ് നം - 173/21-22

വകയിരുത്തിയ തുക- 200000/- (തനത് ഫണ്ട്)

ചെലവ് - 147087/-

വൗച്ചർ നം - 22100815/13-12-21 ,തുക -90766/-

വൗച്ചർ നം - 22100910/5-01-22 ,തുക -7300/-

വൗച്ചർ നം - 22100910/5-01-22 ,തുക -46771/-

പദ്ധതി പ്രകാരം സപ്ലൈകോ മാവേലി സ്റ്റോറിൽ നിന്നും 90766/-രൂപയ്ക്ക് 60 Finger Plus Pulse Oxymeter വാങ്ങിയിട്ടുണ്ട്. ഇത് മുഴുവൻ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഹെൽത്ത് ഇൻസ്പെക്ടർക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവ ഉപയോഗ ശേഷം തിരികെ സ്റ്റോക്കിലേക്ക് കൊണ്ടുവന്നിട്ടില്ല. നിലവിൽ ഈ 60 ഓക്സി മീറ്റർ എവിടെയാണുള്ളത് എന്ന് വ്യക്തമല്ല. ഇവ തിരികെ സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-23 അഗതിരഹിതകേരളം പദ്ധതി ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് പദ്ധതി വെച്ചില്ല

അഗതിരഹിത കേരളം എന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചത് 2019-20 സാമ്പത്തിക വർഷത്തിലാണ്. ഇതിൽ ആകെ 142 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിക്കുന്നത്. മുൻ വർഷങ്ങളിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല. അഗതി രഹിത കേരളം പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങളും അഗതികൾക്ക് ലഭ്യമാക്കേണ്ട പരിചരണ സേവന പാക്കേജിന്റെ വിശദാംശങ്ങളും 12.12.2017ലെ സ.ഉ(എം.എസ്) 252/2017തസ്വഭവ നമ്പർ ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 4.2.1.1, 4.2.2.1 എന്നിവ പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭൂരഹിതർക്കും ഭവന രഹിതർക്കും ആനുകൂല്യം നൽകിയ ശേഷം മാത്രമേ മറ്റ് കുടുംബങ്ങൾക്ക് ഭൂമി / വാസഗൃഹത്തിനുള്ള ആനുകൂല്യം നൽകാൻ പാടുള്ളൂ. പ്രൊജക്ടിന്റെ നാളിതുവരെയുള്ള പ്രവർത്തന പുരോഗതി പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ അടിസ്ഥാനാവശ്യങ്ങളായ വീട് , വീട് വെക്കാൻ ഭൂമി, വീട് റിപ്പയർ, വൈദ്യുതി തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പ്രൊജക്ടുകൾ കാര്യക്ഷമമായി നടപ്പാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഇനം | പ്രൊജക്ട് പ്രകാരം ആനുകൂല്യം ആവശ്യമുള്ള ഗുണഭോക്താക്കളുടെ എണ്ണം | ഓഡിറ്റ് തിയ്യതി വരെ അനുവദിച്ചത് | അവശേഷിക്കുന്ന ഗുണഭോക്താക്കൾ |
|---|---|---|---|
| വീട് | 32 | 2 | 30 |
| വീട് വെക്കാൻ ഭൂമി | 14 | 0 | 0 |
| വീട് റിപ്പയർ | 31 | 09 | 22 |
| കുടിവെള്ളം | 22 | 0 | 0 |

14.09.2018 ലെ സ.ഉ(എം.എസ്) നം.126/2018/തസ്വഭവ തീയതി 14.09.2018 പ്രകാരം ഭവന രഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ അഗതി കുടുംബങ്ങളേയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണമെന്നും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ഈ ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകണമെന്നും വീണ്ടും നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമ, ബ്ലോക്ക് , ജില്ലാ പഞ്ചായത്തുകൾ പദ്ധതി ഏറ്റെടുത്ത് സമയബന്ധിതമായി പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അടിസ്ഥാന ആവശ്യങ്ങൾക്കുള്ള പദ്ധതി നടപ്പിലാക്കേണ്ടതും അഗതി രഹിത കേരളം പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും പ്രൊജക്ടിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-24 ഫിഷറീസ് ഓഫീസർ പദ്ധതികൾ നടപ്പിലാക്കിയില്ല

ഒരു സ്പിൽ ഓവർ പ്രൊജക്ട് ഉൾപ്പെടെ അഞ്ച് പദ്ധതികൾക്കായി 2423000 രൂപ പദ്ധതി അടങ്കലായി വകയിരുത്തിയെങ്കിലും ഒരു പദ്ധതി മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. നാല് പദ്ധതികൾ ഫിഷറീസ് ഓഫീസർ നടപ്പിലാക്കിയിട്ടില്ല. അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്തതു വഴി മത്സ്യമേഖലയിലെ അർഹതപ്പെട്ട

ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട ആനുകൂല്യം ലഭിക്കാതിരിക്കുകയോ ലഭിക്കുന്നതിന് കാലതാമസം നേരിടുകയോ ചെയ്യുന്നു. ഇതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ മത്സ്യകൃഷി സംബന്ധിച്ച രണ്ട് പ്രൊജക്ടുകൾ 21-22 സാമ്പത്തിക വർഷത്തിന്റെ അവസാനം പൂർത്തിയായതാണെന്നും ഫണ്ടിന്റെ അപര്യാപ്തത കാരണം ചെലവഴിക്കാൻ കഴിഞ്ഞില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഈ മറുപടി വസ്തുതാപരമല്ല . വികസന ഫണ്ടിനത്തിൽ മാത്രം 675145 രൂപ തൻവർഷം ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. വികസന/ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലിന്റെ അഭാവമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതികൾ നടപ്പിലാക്കാത്തതിന് കാരണം. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-25 കൃഷി ഓഫീസർ പദ്ധതികൾ നടപ്പിലാക്കിയതിലെ അപാകതകൾ

(1)ഇടവിളകൃഷി (വനിത) , പ്രൊജക്റ്റ് നമ്പർ - 70/21-22

അടങ്കൽ - 455000

ചെലവ് - 455000 (ബിൽ നം.366/21.03.22)

പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽ, ചേന, ചേമ്പ്, മഞ്ഞൾ, കാച്ചിൽ, എന്നിവയുടെ നടീൽ വസ്തു വിതരണത്തിനാണ് പ്രൊജക്റ്റ് തയ്യാറാക്കിയത്. റെയ്ഡ്കോയിൽ നിന്ന് കിറ്റൊന്നിന് 350 രൂപ ക്രമത്തിൽ 1300 കിറ്റുകൾ വാങ്ങിയതിന് 455000 രൂപ
(65000രൂപ ഗുണഭോക്തൃവിഹിതം) ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

നടീൽ വസ്തുക്കൾ, കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വിതരണ അതോറിറ്റി, വി.എഫ്.പി.സി കെ, സഹകരണബാങ്കുകളുടെ നേതൃത്വത്തിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കർഷകസേവന കേന്ദ്രങ്ങൾ, എന്നിവിടങ്ങളിൽ നിന്നുള്ള ലഭ്യത പരിശോധിക്കാതെ റെയ്ഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങിയതിനുള്ള കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. റെയ്ഡ്കോ സമർപ്പിച്ച ബില്ലിൽ കിറ്റുകളുടെ എണ്ണവും വിലയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രൊജക്റ്റിൽ നിർദ്ദേശിച്ച വിത്തുകളും നടീൽ വസ്തുക്കളും റെയ്ഡ്കോ സപ്ലൈ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമല്ല. വിത്തുകൾ/നടീൽ വസ്തുക്കൾ റെയ്ഡ്കോ ഉൽപാദിപ്പിച്ചവയാണെന്നുള്ള രേഖകൾ പരശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് പർച്ചേസ് കമ്മിറ്റി തീരുമാനമെടുത്തതായി കാണുന്നില്ല. സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.1 പ്രകാരം സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്. എന്നാൽ കർഷകരുടെ സ്ഥല വിസ്തൃതി പരിഗണിക്കാതെ എല്ലാവർക്കും ഓരോ കിറ്റ് വീതം വിതരണം ചെയ്തതായി കാണുന്നു. ഇത് വിള വർദ്ധനവ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്നതല്ല. വിതരണം ചെയ്ത വിത്തുകൾ കാർഷികാവശ്യത്തിന് ഉപയോഗിച്ചുവെന്നും ഈ മേഖലയിലെ വിള വർദ്ധനവിന് സഹായകരമായെന്നും ഉറപ്പു വരുത്തുന്ന എന്തെങ്കിലും പരിശോധന നിർവ്വഹണ ഉദ്യോഗസ്ഥനോ വർക്കിംഗ് ഗ്രൂപ്പോ നടത്തിയതായി കാണുന്നില്ല. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 1285 പേർ കിറ്റ് കൈപ്പറ്റിയതായി കാണുന്നുണ്ട്. 15 കിറ്റുകൾ വിതരണം ചെയ്തതായി കാണുന്നില്ല.

കാർഷിക മേഖലയിൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്ന പ്രൊജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന് വീഴ്ച സംഭവിച്ചിട്ടുണ്ട്. വിള വർദ്ധനവ് എന്ന ലക്ഷ്യത്തിന് പകരം വ്യക്തികൾക്ക് എന്തെങ്കിലും ആനുകൂല്യം നൽകുക എന്ന ലക്ഷ്യത്തോടെ പദ്ധതി തയ്യാറാക്കിയതാണ് മേൽപ്പറഞ്ഞ അപാകതകൾക്ക് കാരണം.

(2) ഇടവിള കൃഷി (പ്രൊജക്റ്റ് നം. 70/21-22), പച്ചക്കറി കൃഷി മൺ ചട്ടിയിൽ ((പ്രൊജക്റ്റ് നം. 68/21-22) എന്നീ പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി

സ.ഉ(കൈ) നം.11/2018 തസ്വഭവ ,തീ.29.01.2018 ഖണ്ഡിക 6.3 പ്രകാരം വനിതകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടക പദ്ധതി എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതാണ്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. വനിതകൾക്കും പുരുഷന്മാർക്കും ഒരു പോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ല. എന്നാൽ മേൽപ്പറഞ്ഞ കാർഷിക മേഖലയിലെ പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വനിതാ ഘടക പദ്ധതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാതെ കാർഷിക മേഖലയിലെ പദ്ധതികൾ വനിതാഘടക പദ്ധതിയിലുൾപ്പെടുത്തിയതിന് മറുപടി നൽകേണ്ടതാണ്.

## 1-26 പ്രതിഭാ പോഷണ പരിപാടി - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

പ്രൊജക്ട് നമ്പർ - 52/21-22

അടങ്കൽ - 200000

ചെലവ് - 133587 ( 99500 വികസനഫണ്ട് + 34087 തനത് ഫണ്ട് )

പഞ്ചായത്ത് പരിധിയിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥി/ വിദ്യാർത്ഥിനികളിൽ നിന്ന് തെരഞ്ഞെടുത്ത പഠനത്തിൽ മുന്നോക്കം നിൽക്കുന്നവരിലെ പ്രതിഭയെ പരിപോഷിപ്പിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പരീക്ഷയും ഇന്റർവ്യൂയും നടത്തി 41വിദ്യാർത്ഥികളെ ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

സ.ഉ(കൈ) നം.11/2018 തസ്വഭവ ,തീ.29.01.2018 ഖണ്ഡിക 7.6 (3) പ്രകാരം പഠന നിലവാരം ഉയർത്തുക, സർഗാത്മക ശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക ഉടങ്ങിയ ഗവേഷണാത്മക പ്രൊജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് മാത്രമായി പദ്ധതി പരിമിതപ്പെടുത്തിയ നടപടി സർക്കാർ നിർദ്ദേശങ്ങൾക്ക് നിരക്കുന്നതല്ല. ഗണിതം, ഇംഗ്ലീഷ്, പൊതു വിജ്ഞാനം എന്നീ വിഷയങ്ങളിലാണ് പരീക്ഷ നടത്തിയിരിക്കുന്നത്. ഈ പരീക്ഷകളിലൂടെ സർഗ്ഗശേഷി വിലയിരുത്താൻ കഴിയില്ല. പദ്ധതിയുടെ ഭാഗമായി പ്രൊജക്ടർ, സ്പീക്കർ, ടീച്ചിംഗ് മെറ്റീരിയൽസ്, പുസ്തകങ്ങൾ, സ്റ്റീൽ അലമാര ഉടങ്ങിയവ വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങളും പുസ്തകങ്ങളും പഞ്ചായത്ത് ഓഫീസിൽ ഒരു മുറിയിൽ സൂക്ഷിച്ചതായി കാണുന്നു. പുസ്തകങ്ങൾ കുട്ടികൾക്ക് വിതരണം ചെയ്തതിന്റെ രേഖയില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വാറന്റി നിലനിൽക്കുന്ന കമ്പ്യൂട്ടറുകൾക്കും എ.എം.സി നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ നടപ്പാക്കിയ ഓഫീസ് മോഡേണൈസേഷൻ (പ്രൊ.നം-165/22) എന്ന പദ്ധതിയുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം, പേര് | 165/22, ഓഫീസ് മോഡേണൈസേഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 536350 വികസന ഫണ്ട്-ജനറൽ<br>200000 തനത് ഫണ്ട് |
| ചെലവ് | 533954 വികസന ഫണ്ട്- ജനറൽ<br>14900 തനത് ഫണ്ട് |
| ബിൽ വിവരങ്ങൾ | |

ആവശ്യകതാ നിർണ്ണയത്തിൽ വീഴ്ച.

പദ്ധതി പ്രകാരം സി.പി.ആർ.സി.എസ് മുഖേന കെൽട്രോണിൽ നിന്നും 39797 രൂപ നിരക്കിൽ നാല് ഡെസ്ക് ടോപ് കമ്പ്യൂട്ടറുകൾ സ്ഥാപനം വാങ്ങിയിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

. കഴിഞ്ഞ 4 വർഷകാലയളവിനുള്ളിൽ 12 ഡെസ്ക് ടോപ് കമ്പ്യൂട്ടറുകളാണ് സ്ഥാപനം വാങ്ങിയിരിക്കുന്നത്. 2023 മാർച്ച്

വരെ 18 ഡെസ്ക് ടോപ് കമ്പ്യൂട്ടറുകൾക്ക് എ.എം.സിയിലേർപ്പെട്ടിട്ടുമുണ്ട്. ഇതിൽ നിന്നും പ്രവർത്തന ക്ഷമമായ 18 കമ്പ്യൂട്ടറുകൾ സ്ഥാപനത്തിൽ ഉണ്ടായിരുന്നു എന്നത് വ്യക്തമാണ്. മേൽ സാഹചര്യത്തിലും പദ്ധതി പ്രകാരം നാല് പുതിയ കമ്പ്യൂട്ടറുകൾ വാങ്ങിയത് ആവശ്യകത നിർണ്ണയിക്കാതെയാണ്. ഒരു സീറ്റിൽ തന്നെ എ.എം.സി ഉള്ള പഴയ കമ്പ്യൂട്ടറും 2021-22 വർഷത്തിൽ പുതുതായി വാങ്ങിയ കമ്പ്യൂട്ടറും വിന്യസിച്ചിട്ടുണ്ട്. ( ഉദാ- ജൂനിയർ ക്ലർക്ക് 1 ന്റെ സീറ്റിൽ ഇത്തരത്തിൽ രണ്ട് കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്നു )

- വർക്കിംഗ് ഗ്രൂപ്പ് ആസൂത്രണം ചെയ്ത മേൽ പദ്ധതി പ്രകാരം വാങ്ങിയ 4 കമ്പ്യൂട്ടറുകൾ തൊഴിലുറപ്പ് പദ്ധതി, എഞ്ചിനീയറിംഗ് വിഭാഗം എന്നിവയിലാണ് വിന്യസിച്ചിട്ടുള്ളത്. രണ്ട് കമ്പ്യൂട്ടറുകൾ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിലാണ് വിന്യസിച്ചിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയുടെ ആവശ്യാർത്ഥം വികസന ഫണ്ട് വിനിയോഗിച്ച് കമ്പ്യൂട്ടറുകൾ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മേൽ കമ്പ്യൂട്ടറുകൾ താത്കാലികമായാണ് തൊഴിലുറപ്പ് വിഭാഗത്തിന് കൈമാറിയതെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

- ഡെസ്ക് ടോപ്പിനൊപ്പം വിൻഡോസ് പ്രൊഫഷണൽ ഓപ്പറേറ്റിംഗ് സിസ്റ്റവും വാങ്ങിയിട്ടുണ്ട്. സൗജന്യമായി ലഭ്യമാകുന്ന ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റം ഉപയോഗിക്കാമെന്നിരിക്കെയാണ് സ്ഥാപനം വിൻഡോസ് 10 പ്രൊഫഷണൽ ഒ.എസ് വാങ്ങിയിട്ടുള്ളത്. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ വിന്യസിപ്പിച്ച് പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്തിൽ സെർവ്വർ അധിഷ്ഠിത സോഫ്റ്റ്‌വെയറുകൾ ഭാഗികമായി മാത്രമാണ് ഉപയോഗിക്കുന്നത്. വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം വിന്യസിച്ച 18 സിസ്റ്റങ്ങൾ സ്ഥാപനത്തിൽ നിലനിൽക്കെയാണ് പുതുതായി വിൻഡോസ് 10 പ്രൊഫഷണൽ ഒ.എസ് വാങ്ങിയിട്ടുള്ളത്. മൈക്രോസോഫ്റ്റിന്റെ ഔദ്യോഗിക വെബ്സൈറ്റ് പരിശോധിച്ചതിൽ നിന്നും വിൻഡോസ് 10 പ്രൊഫഷണൽ ഒ.എസിന് 16515 രൂപ ചെലവ് വരുന്നുണ്ട്. ആവശ്യകത നിർണ്ണയിക്കാതെ ഒ.എസ് വാങ്ങിയതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടതിന് സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ സോഫ്റ്റ്‌വെയറുകൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നത് വിൻഡോസ് പ്ലാറ്റ്ഫോമിലാണെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്. പ്രസ്തുത മറുപടി വസ്തുതാപരമല്ല. നിലവിൽ സ്ഥാപന, സചിത്ര സോഫ്റ്റ്‌വെയറുകൾ പ്രവർത്തിപ്പിക്കുന്നതിന് മാത്രമെ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം ആവശ്യമുള്ളൂ . സ്ഥാപനത്തിൽ നിലവിലുള്ള കമ്പ്യൂട്ടറുകളിലെല്ലാം തന്നെ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം വിന്യസിച്ചിരിക്കെ പുതിയ കമ്പ്യൂട്ടറുകൾക്കും വിൻഡോസ് ഒ.എസ് വാങ്ങിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിവരസാങ്കേതിക വിദ്യ വകുപ്പിന്റെ 17.05.2014 ലെ സ.ഉ (സാധാ) നം. 109/2014/വി.സാ.വ ഉത്തരവ്, 21.07.2016 ലെ ഐ.ടി. സെൽ-2/701/2016/ഐ.ടി.ഡി നമ്പർ സർക്കുലർ, ഭാരത സർക്കാരിന്റെ 2015 ലെ സ്വതന്ത്ര സോഫ്റ്റ്‌വെയർ നയം എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് സ്ഥാപനം കുത്തക സോഫ്റ്റ്‌വെയർ വാങ്ങിയിട്ടുള്ളത്.

- ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വകുപ്പിന്റെ 23.07.2021 തിയ്യതിയിലെ ജി.ഒ (ആർ.ടി) നം. 99/2021/ITD നമ്പർ ഉത്തരവ് പ്രകാരം ഡെസ്ക് ടോപ്പുകൾക്ക് പകരം ലാപ്ടോപുകളാണ് വാങ്ങേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ നിബന്ധനയും പാലിക്കപ്പെട്ടിട്ടില്ല.

വാറന്റി നിലനിൽക്കുന്ന കമ്പ്യൂട്ടറുകൾക്കും എ.എം.സി

- പദ്ധതിയുടെ ഭാഗമായി എലാരിയോ കോഴിക്കോട് എന്ന സ്ഥാപനവുമായി ഗ്രാമപഞ്ചായത്തിലെ 18 ക്ലയന്റ് കമ്പ്യൂട്ടർ, ഒരു സെർവ്വർ കമ്പ്യൂട്ടർ എന്നിവയുടെ പരിപാലനത്തിനായി എ.എം.സി യിലേർപ്പെട്ടിട്ടുണ്ട്. 2018-19 വർഷത്തെ 117/18-19 നമ്പറായുള്ള ഗ്രാമപഞ്ചായത്ത് ഓഫീസ് മോഡേണൈസേഷൻ -രണ്ടാം ഘട്ടം എന്ന പദ്ധതിയുടെ ഭാഗമായി കെൽട്രോണിൽ നിന്നും 15.03.2019 തിയ്യതിയിൽ 5 വർഷത്തെ വാറന്റിയോട് കൂടി നാല് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റ് ഓഡിറ്റിന് ലഭ്യമാക്കിയ ഹാർഡ്‌വെയർ രജിസ്റ്ററിൽ പ്രസ്തുത കമ്പ്യൂട്ടറുകളുടെ വാറന്റി കാലയളവ് 3 വർഷമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കമ്പ്യൂട്ടറുകൾക്ക് 2024 മാർച്ച് മാസം വരെ വാറന്റി നിലനിൽക്കെ 9200 രൂപ എ.എം.സിയിലേർപ്പെട്ടതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മേൽ 4 കമ്പ്യൂട്ടറുകൾ ഒഴികെയുള്ള 18 കമ്പ്യൂട്ടറുകൾക്കാണ് എ.എം.സി യിലേർപ്പെട്ടതെന്നാണ് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. 2019, 2022 വർഷത്തിൽ വാങ്ങിയ 8 കമ്പ്യൂട്ടറുകൾ, എ.എം.സി യിലേർപ്പെട്ട 18 കമ്പ്യൂട്ടറുകൾ ഉൾപ്പെടെ ആകെ 26 കമ്പ്യൂട്ടറുകൾ സ്ഥാപനത്തിലുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ്. എന്നാൽ ഫ്രണ്ട് ഓഫീസ് ഉൾപ്പെടെ 14 സീറ്റുകളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. പദ്ധതി ആസൂത്രണം ചെയ്യുന്ന സമയത്ത് പ്രവർത്തന ക്ഷമമായ 22 കമ്പ്യൂട്ടറുകൾ സ്ഥാപനത്തിലുണ്ടായിരിക്കെ പുതിയ നാല് കമ്പ്യൂട്ടറുകൾ വാങ്ങിയതിന്റെ സാംഗത്യം വ്യക്തമാക്കിയിട്ടില്ല. 2019 വർഷത്തിൽ വാങ്ങിയ നാല് കമ്പ്യൂട്ടറുകളും സെക്രട്ടറിയുടെ ഓഫീസിലാണ് ഉപയോഗിക്കുന്നത്. 2022 വർഷത്തിൽ 4 കമ്പ്യൂട്ടറുകളും സെക്രട്ടറി പുതുതായി വാങ്ങിയ 4 കമ്പ്യൂട്ടറും പരിഗണിക്കുമ്പോൾ 6 കമ്പ്യൂട്ടറുകൾക്ക് മാത്രമേ എ.എം.സി ആവശ്യമായിരുന്നുള്ളൂ എന്നത് വ്യക്തമാണ്.

- 2017-18 വാർഷിക പദ്ധതി പ്രകാരം ഹോമിയോ മെഡിക്കൽ ഓഫീസർക്കായി വാങ്ങിയ ഡെസ്ക് ടോപ് കമ്പ്യൂട്ടർ (ഐ.ഡി നം- UXVKSS1223G1800284) നിലവിൽ എഞ്ചിനീയറിംഗ് വിംഗിലാണ് ഉപയോഗിക്കുന്നത്. പകരം പഴയ

ഒരു കമ്പ്യൂട്ടറാണ് ഹോമിയോ ഡിസ്പൻസറിയിൽ ഉപയോഗിക്കുന്നത്.

ആവശ്യകത പരിശോധിക്കാതെയാണ് ഗ്രാമപഞ്ചായത്ത് കമ്പ്യൂട്ടറുകൾക്കൊപ്പം വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റവും വാങ്ങിയിട്ടുള്ളത്. കൂടാതെ വാറന്റി നിലനിൽക്കുന്നതുൾപ്പെടെയുള്ള കമ്പ്യൂട്ടറുകൾക്കും എ.എം.സി യിൽ ഏർപ്പെട്ടതിലൂടെ സ്ഥാപനത്തിന് 9200 രൂപ അധിക ചെലവുണ്ടായിട്ടുണ്ട്. വാറന്റി രജിസ്റ്റർ സൂക്ഷിക്കുന്നതിലും ഹാർഡ് വെയർ രജിസ്റ്റർ കാലികമാക്കുന്നതിലും ഉണ്ടായിട്ടുള്ള വീഴ്ചയാണ് അപാകതക്ക് കാരണമായിട്ടുള്ളത്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 13.11.2022 | - |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻബാക്കി | തൻവർഷം ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 0 | 200000 | പാലിയേറ്റീവ് പരിചരണവും വൈദ്യ സഹായവും | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 450000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 450000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 2000000 | ലൈഫ് ഭവന പദ്ധതി,പട്ടിക ജാതി | 0 | 2000000 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 100000 | സ്മാർട്ട് അങ്കണവാടി (ക്രാഡിൽ) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 1190000 | ലൈഫ് ഭവന പദ്ധതി, ജനറൽ | 870000 | 320000 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 50000 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 20000 | പച്ചക്കറി സ്വയം പര്യാപ്ത ജില്ല – പച്ചക്കറി കൃഷിക്ക് കൂലിചെലവ് സബ്സിഡി | 20000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 60000 | ദുരന്ത അതിജീവന ഉപകരണങ്ങൾ | 0 | 60000 |
| ബ്ലോക്ക് | 0 | 150000 | കറവപ്പശുക്കൾക്ക് | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | കാലിത്തീറ്റ സബ്സിഡി | | |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 200000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസന്റീവ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 20000 | വിശപ്പ് രഹിത കേരളം | 0 | 20000 |
| ജില്ല പഞ്ചായത്ത് | 0 | 150000 | മുട്ട ഗ്രാമം | 150000 | 0 |
| ജില്ല പഞ്ചായത്ത് | 0 | 450000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 450000 | 0 |
| ജില്ല പഞ്ചായത്ത് | 0 | 1019000 | ലൈഫ് ഭവന പദ്ധതി, പട്ടിക ജാതി | 0 | 1019000 |
| ജില്ല പഞ്ചായത്ത് | 0 | 1000000 | ലൈഫ് ഭവന പദ്ധതി, ജനറൽ | 0 | 1000000 |
| ജില്ല പഞ്ചായത്ത് | 0 | 60000 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 60000 | 0 |
| ജില്ല പഞ്ചായത്ത് | 0 | 300000 | പശു ഗ്രാമം | 300000 | 0 |
| ജില്ല പഞ്ചായത്ത് | 0 | 100000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസന്റീവ് | 100000 | 0 |
| ജില്ല പഞ്ചായത്ത് | 0 | 42000 | പകൽ വീട് പ്രവർത്തനം | 0 | 42000 |
| ജില്ല പഞ്ചായത്ത് | 0 | 1000000 | വഴുതിന പാടം കുടിവെള്ള പദ്ധതി 3-ാം ഘട്ടം | 0 | 1000000 |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ഇ എം എസ് ഭവനവായ്പാ പലിശയിനത്തിൽ 739262/- രൂപ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നു. വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | സാമ്പത്തിക വർഷം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | തുക | മുതൽ | പലിശ | |
|---|---|---|---|---|---|---|
| ഇ എം എസ് ഭവനവായ്പ | GO(ms) 322/10/lsgd Dtd 29.1.2010 | 2009-10 | 0 | 0 | 0 | 739262(പലിശ) |
| ലൈഫ് ലോൺ | ---- | 2021-22 | 3593703 | 542666 | 0 | 3051037 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7640346 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 551741 |
| ആകെ | 8192087 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 8192087 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | എഫ് ഡി നം | തുക |
|---|---|---|---|
| 1 | കെ ഡി സി ബാങ്ക് കൊയിലാണ്ടി | 10011807520354 | 626205 |
| 2 | കെ.ഡി.സി ബാങ്ക്, കൊയിലാണ്ടി | 10011807520355 | 1538812 |
| 3 | കെ.ഡി.സി ബാങ്ക്, കൊയിലാണ്ടി | 100111806120001 | 466159 |
| 4 | ചേമഞ്ചേരി സഹകരണ ബാങ്ക് | 0101012163 | 1808592 |
| 5 | ചേമഞ്ചേരി സഹകരണ ബാങ്ക് | 0101010384 | 3752319 |
| ആകെ | | | 8192087 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-01 | 24 | 2003-04 | 7(14) | കാലഹരണപ്പെട്ട നികുതി(പൊതു പരാമർശം) |
| 2002-03 | ഭാഗം.2 | 2004-05 | (17) | കാലഹരണപ്പെട്ട നികുതി (പൊതു പരാമർശം) |
| 2003-04 | പൊതു പരാമർശം 11.13.7.14 116 | 2000-01 | 24 | നികുതി പിരിവിൽ അനാസ്ഥ |
| 2004-05 | പൊതു പരാമർശം 11.13.17 116 | 2002-03 | | നികുതി പിരിവിൽ അലംഭാവം |
| 2013-14 പ്രവർത്തന ക്ഷമത റിപ്പോർട്ട് | 5.2.4.2 100/98 | | | സ്കൂൾ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ |
| 2013-14 പ്രവർത്തന ക്ഷമത റിപ്പോർട്ട് | 5.2.4.15 119 | | | സർക്കാർ / എയ്ഡഡ് സ്കൂൾ അഡ്മിഷൻ |

| | | | | |
|---|---|---|---|---|
| 2013-14 പ്രവർത്തന ക്ഷമത റിപ്പോർട്ട് | 5.2.4.18 132,130 | | | വിദ്യാഭ്യാസ മേഖല എസ്.എസ്.എ. |
| 2013-14 അവലോകനം | 6.4. 190 | | | തെരുവു വിളക്ക് സംരക്ഷണം |
| 2016-17 | 4.2.1.49 | 2015-16 | 2-9 | പുറമ്പോക്ക് സംരക്ഷണവുമായി ബന്ധപ്പെട്ട അപാകതകൾ |
| | 6(എ)1.2.90 | | 3-2 | ആശ്രയ വീടിന് സ്ഥലം |
| | 6(എ)1.6.90 | | | വീട് ആവശ്യമുള്ളവർ |
| | 6(എ)2.3.91 | | | വീട് റിപ്പയർ |
| | 6(എ)3.1.91 | | | കുടിവെള്ളം ആവശ്യമുള്ളവർ |
| 2017-18 | 2.1 | | | ഇ-ഗവേണൻസ് ഓഡിറ്റ് റിപ്പോർട്ട് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ? (ഉണ്ട്/ | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | ഇല്ല). | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1996-97 | 4 | ടി.പി. നസീർ ഹുസൈൻ | എൽ. എഫ്. 12333 Spl.cell/ SC4/ 2000, Dt. 27.5.02, 17.7.02 | 1258 | | | | | | 1258 | | |
| 2 | 1996-97 | 10,12 | കെ. നാരായണൻ നമ്പൂതിരി | Do | 9871 | | | | | | 9871 | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 98164374 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 90616710 |
| വരവിനങ്ങളിലുള്ള നഷ്ടം | 12544 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-12 | - | 9200 | റഫീഖ് സി.കെ,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-8 | 12544 | റഫീഖ് സി.കെ, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റഫീഖ് സി.കെ, സെക്രട്ടറി | സെക്രട്ടറി, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | രജഷ്, ചിങ്ങപുരം, തിക്കോടി-673529 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | | | |
|---|---|---|---|
| 1999-00 | പി 4/1044/11(1), തി: 23.01.12 | 13 | 26, 27, 29, 30, 33, 35, 37, 38, 39, 43, 44, 45, 46 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി/പി 4/8/2020(1), തി:09.12.2020 | 1 | 24 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി/പി 4/8/2020(2)തി:09.12.2020 | 1 | 15(1) |
| 2002-03 | പി 4/1044/11(4), തി:23.01.12 | 6 | 6, 9, 12, 13, 15, 16 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/പി 4/8/2020(3), തി:09.12.2020 | 3 | 3-2, 3-5, 3-6 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി/പി 4/8/2020(4), തി:09.12.2020 | 7 | 3-3, 3-4 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.5/1372/08 തീയതി 09.02.2009 | 7 | 2-1, 2-2, 2-3, 2-5, 3-1 (1,2,3) 3-5, 3-6 |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി-5/1335/ 09/5-10-09 | 10 | 2-2,3-2,3-3,3-4, 3-5,3-6, 3-7,3-9,3-10,4-1, |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി-4/1749/ 11/20-1-12 | 17 | 2-3,2-4,2-5, 3-2to3-7,3-9, 3-11to3-14, 3-18,3-19,3-20 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.13/282/13 തീയതി 20.07.2013 | 15 | 1-2, 2-1, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9,3-10, 4-2 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി.13/632/13 തീയതി 20.07.2013 | 16 | 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.പി.13/1549/ 13/11.11,13 | 7 | 1-5,2-2(1),3-3,3-4, 3-5,3-7,3-8 |
| 2012-13,13-14 | എൽ.എഫ്.കെ.കെ.ഡി.പി.13/565/ 16/.31.03.2016 | 23 | 1-5,1-9,3-1,3-2,3-4,3-5, 3-6,3-7,3-8,3-11, 3-12, 3-13, 3-15,3-16,3-17, 3-18,3-19, 3-20,3-24, 3-26, 3-3,4-7,4-9 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി/13/ 2164/2016.6.10.2017 | 13 | 2-1,2-2,2,3-2,3-3, 3-4, 3-5, 3-7,3-8, 3-9, 3-10, 3-11, 3-12,3-14 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി/13/ 2317/2016.25.03.2017 | 20 | 2-1,2-2,2-3,2-4,2-5, 2-6, 2-7,2-8, 2-9,3-1,3-2, 3-3,3-5,3-6,3-7,3-8, 3-9, 3-10,3-11,4-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി/13/ 111/2018 /16.02.2018 | 20 | 2-1(1), 2-1(2), 2-1(5), 2-1(6), 2-5, 3-2, 3-4,3-5, 3-7, 3-8(3),(4), (5),3-9(3,(4), 3-11,3-14, 3-15,3-16, 3-17, 3-20, 4-4 |
| 2017-18 | കെ എസ് എ കെ കെ ഡി പി4/1941/19 തീ 3.09.20 | 17 | 1-12(2),(3),2-2(1),(2),(3), 3-1,3,4,6,7, 11,12,13,14, 16,18,4-2 |
| 2018-19 | കെ എസ് എ കെ കെ ഡി പി4/797/20തീ 22.09.20 | 4 | 1-12,13,16,4-11 |
| 2019-20 | കെ എസ് എ കെ കെ ഡി / പി4/103/2021 തി.17.09.22 | | 1-1,1-1-1,1-1-2,1-1-3, 1-2,1-3,1-9(1),1-9(3) മുതൽ 1-13 വരെ, 1-17 |
| 2020-21 | കെ.എസ് എ കെ കെ ഡി / പി4/102/22 ,തി.12.05.22 | | 1-1-1,1-1-2,1-1-3,1-3,1-5,1-6, 1-7,1-8,1-9,1-10,1-13,1-14, 1-15,1-17,1-20,1-21, 1-22, 3-1 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്